# ദി ഡിഫെൻഡർ

Vol. No. 8 Issue No. 24 RNI Reg. No. 68089 / 97 Published From Perumbavoor 2005 DECEMBER 16

# ശതാബ്ദി സമ്മേളനം പാഴ്ച്ചെലവായി

ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ശതാബ്ദി സമ്മേളനം നടത്തിയിട്ട് എന്തു ഫലമുണ്ടായി? പച്ച മലയാളത്തിൽ പറഞ്ഞാൽ ഒരു ചുക്കും നടന്നില്ല. പണം ചെലവാക്കിയത് മിച്ചം.

ഫലം എന്നു പറഞ്ഞത് ആത്മീയ ഫലത്തേക്കുറിച്ചാണ്. ആത്മീയ ഫലം ഒന്നും ഉണ്ടായില്ലെങ്കിലും സംഘാടകർക്ക് എല്ലാ വിധത്തിലും നേട്ടമാണുണ്ടായത്. വല്ലവന്റേം പന്തലിൽ വിളമ്പാൻ നല്ല രസമാണല്ലോ.

സകല അണ്ടനും അടകോടനും സ്റ്റേജിൽ കയറി വിലസി. ശരിക്കും ഷൈൻ ചെയ്തു. ഒന്നാം ദിസവം നാടൻ സായിപ്പൻമാരുടെ ഷൈനിങ്ങ് എല്ലാം കഴിഞ്ഞപ്പോൾ സാക്ഷാൽ സായിപ്പിന് പ്രസംഗിക്കാൻ കിട്ടിയത് വെറും ഇരുപതു മിനിട്ട്. മറ്റു ദിവസങ്ങളിലും ഷൈനിങ്ങുകാർ പരമാവധി വിലസി. പണച്ചാക്കുകൾക്ക് സ്റ്റേജ് ലഭിച്ചു. എല്ലാ ദിവസവും ആശംസക്കാരുടെ വലിയോരു നിര ഉണ്ടായിരുന്നു. എല്ലാവരും ആശംസ പറഞ്ഞ് ജനത്തെ ബോറടിപ്പിച്ചു. എങ്കിലും സംഘാടകർക്ക് അതുമൂലമുണ്ടായ നേട്ടം ചെറുതല്ല.

പ്രതീക്ഷിച്ചിരുന്നതുപോലെ നിരവധി രോഗികൾ സൗഖ്യം പ്രാപിച്ചു. പക്ഷേ, ഒരെണ്ണം ഇല്ലെന്നു മാത്രം. ക്യാൻസർ സൗഖ്യമായി, മുഴ പോയി എന്നൊക്കെ നിരവധി ആളുകൾ സാക്ഷ്യം പറഞ്ഞു എന്നത് സത്യം തന്നെ. പക്ഷേ, ഇവരിൽ ഒരാളുടെ പോലും ഊരും പേരും സംഘാടകർക്ക് അറിഞ്ഞുകൂടാ.

സമ്മേളനത്തിൽ പത്തു ലക്ഷം ആളുകൾ പങ്കെടുക്കും എന്നാണ് സംഘാടകർ അറിയിച്ചിരുന്നത്. എങ്ങനെയാണ് ഇവർ ഈ സംഖ്യ ഒപ്പിക്കുക എന്ന് ഡിഫെൻഡർ പറഞ്ഞിരുന്നു. ശരാശരി അൻപതിനായിരം ആളുകൾ പങ്കെടുക്കും. അവരെ രാവിലേയും ഉച്ച കഴിഞ്ഞും വൈകിട്ടും എണ്ണും. അങ്ങനെ ഒരു ദിവസം ഒന്നര ലക്ഷം ഉണ്ടാക്കും. ആറു ദിവസമാകുമ്പോൾ ഒൻപതു ലക്ഷമാകും. ഇത്രയുമൊക്കെ കാട്ടിക്കൂട്ടിയവർക്ക് ഒരുലക്ഷം കൂടി കൂട്ടാൻ ബുദ്ധിമുട്ടുണ്ടാകില്ല. അങ്ങനെ പത്തുലക്ഷം തികയ്ക്കും.

പക്ഷേ, ഈ വിഷയത്തിൽ ഡിഫെൻഡറിനും തെറ്റി. ആദ്യ ദിവസം പതിനായിരത്തിൽ താഴെ ആളുകൾ മാത്രമേ എത്തിയുള്ളൂ. (അന്ന് എത്താത്തവർ ഭാഗ്യവാൻമാർ). പിറ്റേന്ന് പതിനയ്യായിരത്തിൽ താഴെമാത്രം. അങ്ങനെ ക്രമമായി കൂടിവന്നു. ഒടുവിൽ അത് അൻപതിനായിരമായി എന്നും ഇല്ല എന്നും പറയപ്പെടുന്നു. ദിവസം മൂന്നുവട്ടം എണ്ണി പത്തുലക്ഷം തികയ്ക്കും എന്നാണ് ഡിഫെൻഡർ കരുതിയിരുന്നത്. എന്നാൽ രാവിലെ 10 മണി മുതൽ വൈകിട്ട് എട്ടുമണി വരെ ഓരോ മണിക്കൂർ ഇടവിട്ട് എണ്ണിയാൽ മാത്രമേ പത്തുലക്ഷം തികയൂ എന്നതായിരുന്നു സ്ഥിതി.

പാർക്കിംഗ് ഫീസ്, കസേരഫീസ് തുടങ്ങി എല്ലത്തിനും ഫീസ് ഉണ്ടായിരുന്നു. വായു മാത്രമാണ് സൗജന്യമായി കിട്ടിയത്. വൻതുക കൊടുത്ത് സ്റ്റാൾ ഇട്ടവരിൽ ഭൂരിപക്ഷവും കണ്ണുനീരും കൈയ്യുമായാണ് മടങ്ങിയത്. ജനം കുറവായിരുന്നതിനാൽ പ്രതീക്ഷിച്ച വരുമാനം കിട്ടിയില്ല.

ഈ സമ്മേളനം മൂലം അത്യുഗ്രൻ ഉണർവ്വുണ്ടാകുമെന്ന് കൊട്ടിഘോഷിച്ചവരോട് ഒരു ചോദ്യം: താത്ക്കാലത്തേക്ക് ഒരു ഇളക്കപ്പെരുക്കമുണ്ടായത് മാറ്റിവെച്ചാൽ മൂന്നു മാസമെങ്കിലും നിലനിൽക്കുന്ന എന്തു ഫലമാണ് ഇതുമൂലമുണ്ടാത്? എത്രപേർ രക്ഷിക്കപ്പെട്ടു? എത്ര പിൻമാറ്റക്കാർ മടങ്ങിവന്നു? ആത്മീയ നൻമ എന്നു പറയാവുന്ന എന്തൊക്കെ നടന്നു?

# പ്രധാനമന്ത്രി വന്നില്ല

പ്രധാനമന്ത്രി വരുമോ എന്ന് കഴിഞ്ഞലക്കം ഡിഫെൻഡറിൽ എഴുതി. ഈ ലക്കത്തിൽ അതിന്റെ ഉത്തരം എഴുതാം. പ്രധാനമന്ത്രി വന്നില്ല. അതുകൊണ്ട് പെന്തക്കോസ്തിലെ ഒരു പ്രധാന മന്തി ശതാബ്ദി ഉദ്ഘാടനം നടത്തി.

എന്താണ് പ്രധാനമന്ത്രി വരാതിരുന്നത്? ഉത്തരം ലളിതം. ഈ സമ്മേളനത്തിനു പ്രധാനമന്ത്രി വരാമെന്ന് ഔദ്യോഗികമായി അറിയിച്ചിരുന്നതേയില്ല എന്നതുതന്നെ കാരണം.

പ്രധാനമന്ത്രി വരാമെന്ന് പറഞ്ഞിരുന്നോ? പറഞ്ഞിരുന്നു എന്നാണ് സംഘാടകർ പറയുന്നത്. പക്ഷേ പറയുക മാത്രമേ ചെയ്തുള്ളൂ. ഔദ്യോഗികമായി ഒരറിയിപ്പും കിട്ടിയില്ല. പ്രധാനമന്ത്രി വരുമെങ്കിൽ സാധാരണഗതിയിൽ എന്താണ് ചെയ്യുക? പ്രധാന മന്ത്രിയുടെ ഓഫീസിൽ നിന്ന് ഔദ്യോഗികമായി അറിയിപ്പുണ്ടാകും. അങ്ങനെ ഒരു കടലാസ്സ് കിട്ടിയതായി ഒരു ശതാബ്ദിക്കാരനും പറഞ്ഞിട്ടില്ല. പിന്നെ എന്തടിസ്ഥാനത്തിലാണ് പ്രധാനമന്ത്രി വരുന്ന എന്ന് ഇവർ പ്രചരണം നടത്തിയത്? ശുദ്ധ തട്ടിപ്പല്ലേ ഇവർ നടത്തിയത്?

പ്രധാനമന്ത്രിയുടെ പേര് അനധികൃതമായി ദുർവ്വിനിയോഗം ചെയ്ത് ഇവർ ജനവഞ്ചന നടത്തുകയായിരുന്നു. അതുകൊണ്ട് സംഘാടകർ പസ്യമായി മാപ്പു പറയണം. അതിന് തയ്യാറാകുന്നില്ലെങ്കിൽ അവർക്കെതിരെ നിയമനടപടി എടുക്കണം.




# വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: സൗജന്യ നിരക്ക് ഈ മാസം 31 വരെ

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ നാലാമത്തേത് പുറത്തിറങ്ങി. പണം അടച്ചവർക്ക് സി.ഡി. അയച്ചുകൊണ്ടിരിക്കുന്നു. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്.

മൂന്നാമത്തെ സി.ഡി. കഴിഞ്ഞമാസം പുറത്തിറങ്ങി. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം.

അഞ്ചാമത്തെ സി.ഡിയുടെ റിക്കാഡിംഗ് ആരംഭിച്ചു. പ്രധാന ലോകമതങ്ങളുമായി ബന്ധപ്പെട്ടുള്ള പഠനങ്ങളാണ് ഈ സി.ഡിയുടെ ഉള്ളടക്കം. ജനുവരി ആദ്യ ആഴ്ചയിൽ ഈ സി.ഡി. പുറത്തിറങ്ങും.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ നാലു സി.ഡികൾക്ക് 400 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. ഈ സൗജന്യം ഡിസംബർ 31 വരെ മാത്രം. അതു കഴിഞ്ഞാൽ 10 സി.ഡികൾക്ക് 900 രൂപ നൽകേണ്ടതായി വരും. വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ – 94474 14608

വിലാസം:
**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

# രോഗശാന്തി പ്രാപിച്ചവർ വിവരം അറിയിക്കണം

ശതാബ്ദി സമ്മേളനത്തിൽ പങ്കെടുത്ത് രോഗശാന്തി പ്രാപിച്ചവർ ദയവായി വിവരം അറിയിക്കണം. സംഭവം സത്യമാണെങ്കിൽ ഡിഫെൻഡർ അത് പ്രസിദ്ധീകരിക്കാം.

കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ രോഗസൗഖ്യമുണ്ടാകും എന്നുതന്നെയാണ് ഡിഫെൻഡർ വിശ്വസിക്കുന്നത്. പക്ഷേ, ഉണ്ടാകാത്ത രോഗശാന്തി ഉണ്ടായി എന്ന് കള്ളം പറഞ്ഞ് ദൈവത്തിനു മഹത്വം ഉണ്ടാക്കിക്കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് യഥാർത്ഥത്തിൽ രോഗശാന്തി ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ ഡിഫെൻഡർ ആഗ്രഹിക്കുന്നു. അത്ഭുത രോഗശാന്തി ഉണ്ടായതായി തെളിവു ലഭിച്ചാൽ ആ വിവരം ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്.

രോഗസൗഖ്യം പ്രാപിച്ചവരോ അവരുടെ ബന്ധുമിത്രാദികളോ വിവരം തന്ന് സഹായിക്കുക. രോഗിയുടെ പേര്, വിലാസം, ഫോൺ നമ്പർ, രോഗവിവരം, രോഗം സൗഖ്യമായശേഷമുള്ള സ്ഥിതി തുടങ്ങിയവ അറിയിക്കണം. അത്ഭുതം നടന്നു എന്ന് വ്യക്തമായാൽ അത് അംഗീകരിക്കാനും പ്രസിദ്ധപ്പെടുത്താനും ഡിഫെൻഡർ തയ്യാറാണ്.

കത്തയയ്ക്കുന്നവർ ദയവായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

1. രോഗസൗഖ്യം പ്രാപിച്ചവർക്കു വേണ്ടി മറ്റാരെങ്കിലുമാണ് കത്തയയ്ക്കുന്നതെങ്കിൽ അയയ്ക്കുന്ന ആളുടെ പേരും വിലാസവും ഫോൺ നമ്പറും കത്തിൽ എഴുതിയിരിക്കണം. രോഗിയുടെ അറിവോടും സമ്മതത്തോടുംകൂടി മാത്രം ഇത്തരം കത്തുകൾ അയയ്ക്കുക.
2. മറ്റൊരു വിധത്തിലും മാറാത്ത രോഗങ്ങൾ മാറിയ സംഭവമാണ് അറിയിക്കേണ്ടത്.
3. രോഗസൗഖ്യമുണ്ടായോ എന്ന് പരിശോധിക്കാനായി ഡിഫെൻഡർ നടത്തുന്ന അന്വേഷണവുമായി സഹകരിക്കാൻ മനസ്സുള്ളവർ മാത്രം വിവരം അറിയിച്ചാൽ മതിയാകും.

ദൈവമക്കൾ സഹകരിക്കുക.

ദി ഡിഫെൻഡർ
Vol. No.8  Issue No. 24  2005 December 16

# ഗുണ്ടാ നിയമത്തിന്റെ കാണാപ്പുറങ്ങൾ

ഓർഡിനൻസിലൂടെ സർക്കാർ സംസ്ഥാനത്ത് ഗുണ്ടാ നിയമം നടപ്പിലാക്കുകയാണ്. ഗുണ്ടകളെ നിയന്ത്രിക്കേണ്ടത് തികച്ചും ആവശ്യമാകയാൽ ഈ നിയമത്തെ കണ്ണടച്ച് എതിർക്കാനുമാവില്ല. മാത്രമല്ല, കേരളത്തിൽ ഗുണ്ടായിസം അനുദിനം വർദ്ധിച്ചു വരുന്ന സമയവുമാണിത്.

ഗുണ്ടകളെ വിചാരണ കൂടാതെ ആറു മാസം വരെ തടവിൽ വെയ്ക്കാൻ ഈ നിയമം സർക്കാരിന് അധികാരം നൽകുന്നു. അറസ്റ്റ് നടന്നാൽ 24 മണിക്കൂറിനകം മജിസ്ട്രേറ്റിന്റെ മുൻപിൽ പ്രതിയെ ഹാജരാക്കണമെന്ന നിയമം ഈ പ്രശ്നത്തിൽ ബാധകമല്ല. ഗുണ്ടാനിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ ജാമ്യം നൽകാതെ ആറുമാസം വരെ തടവിൽ വെയ്ക്കാം. നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് ഗുണ്ടകൾ രക്ഷപ്പെടുന്നത് തടയാൻ ഇത് സഹായകമാകും.

കുറ്റം ചെയ്യാൻ സാദ്ധ്യതയുള്ളതായി സർക്കാർ സംശയിക്കുന്ന ഗുണ്ടകളേയും ഈ നിയമപ്രകാരം തടവിലാക്കാം. പക്ഷേ, കുറ്റം ചെയ്യാൻ ഉദ്ദേശിക്കുന്നതായി എങ്ങനെ കണ്ടെത്തുമെന്നത് ഒരു പ്രശ്നമാണ്. വിശേഷിച്ച് കുറ്റമൊന്നും ചെയ്യാത്ത വ്യക്തികളെ അന്യായമായി പീഡിപ്പിക്കാൻ ഈ വകുപ്പ് ഉപയോഗിക്കപ്പെട്ടേക്കാം. വ്യക്തിവൈരാഗ്യമോ രാഷ്ട്രീയ വിരോധമോ തീർക്കാൻ ഇതുമൂലം കഴിയും. ഗുണ്ടാ ആക്ട് അനുസരിച്ച് അറസ്റ്റ് ചെയ്യപ്പെട്ടാൽ അതിനെതിരെ കോടതിയെ സമീപിക്കാനാവില്ല എന്നതും ഗൗരവമുള്ള വിഷയമാണ്. അതുകൊണ്ട് ഭരണത്തിലുള്ളവർക്ക് വിരോധികളെ നിയമപരമായി തന്നെ പീഡിപ്പിക്കാൻ ഈ നിയമം സഹായകമാകും.

ആരാണ് ഗുണ്ട എന്നതും പ്രശ്നമാണ്. എന്തൊക്കെ ചെയ്താൽ ഒരാളെ ഗുണ്ടയായി കണക്കാക്കാനാകും? ഒരാളെ ഗുണ്ടയായി പ്രഖ്യാപിക്കാനുള്ള അധികാരം ആർക്കാണ്? ആ വ്യക്തി തനിക്കുള്ള അധികാരം ദുർവ്വിനിയോഗം ചെയ്യുകയില്ല എന്നതിന് എന്താണ് ഉറപ്പ്? അഴിമതിക്കാരനായ ഉദ്യോഗസ്ഥന്റെ കൈയ്യിൽ ഇത്തരം ഒരു അധികാരം ലഭിച്ചാൽ എന്തൊക്കെയാകും സംഭവിക്കുക എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

അധികാര ദുർവ്വിനിയോഗത്തിലൂടെ ആരും പീഡിപ്പിക്കപ്പെടരുത് എന്ന ഉദ്ദേശ്യത്തോടെയാണ് പോലീസിന് പ്രതിയെ കസ്റ്റഡിയിൽ വെയ്ക്കാനുള്ള അധികാരം 24 മണിക്കൂറായി പരിമിതപ്പെടുത്തിയിരിക്കുന്നത്. പക്ഷേ, ഗുണ്ടാനിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിക്ക് ഈ നിയമം ബാധകമല്ല. മാത്രമല്ല, വിശേഷിച്ച് ഒരു കുറ്റവും ചെയ്യാതെതന്നെ ആറുമാസം ജയിലിൽ കിടക്കേണ്ടതായും വരുന്നു. ഇതൊക്കെ ഗൗരവമുള്ള വിഷയങ്ങളാണ്. അർഹിക്കുന്ന ഗൗരവത്തിൽ ഇതേപ്പറ്റി ചർച്ചകൾ ഉണ്ടാകണം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

പാലം കടക്കുവോളം നാരായണ, പാലം കടന്നു കഴിഞ്ഞാൽ പൂരായണ എന്നു പറഞ്ഞതുപോലെയുള്ള ചതിയാണ് സി.പി.ഐ. ചെയ്തത് എന്ന് ലീഡർജി പറഞ്ഞാൽ അത് ശരിയാണെന്ന് ഏവരും സമ്മതിച്ചുപോകും. ഉപതെരഞ്ഞെടുപ്പെന്ന പാലം കടക്കുന്നതുവരെ എന്തൊരു നാരായണഭക്തിയായിരുന്നു. ലീഡറെ നേരിൽ ചെന്നുകണ്ട് പന്ന്യൻ അനുഗ്രഹം വാങ്ങി. പന്ന്യനെ ഇത്തവണ ജയിപ്പിക്കുന്ന കാര്യം ഏറ്റു എന്ന് ലീഡറും പറഞ്ഞു. പന്ന്യൻ ജയിക്കയും ചെയ്തു. പക്ഷേ, ഇപ്പോൾ ആലുവാ മണപ്പുറത്തുവച്ചു കണ്ട പരിചയം പോലും സി.പി.ഐ. കാണിക്കുന്നില്ല.

ഡി.ഐ.സിയുടെ വകയായി പരമാവധി 30,000 വോട്ടുകൾ മാത്രമാണ് ലഭിച്ചതെന്നും അതില്ലായിരുന്നെങ്കിലും പന്ന്യൻ ജയിക്കുമായിരുന്നു എന്നുമാണ് സി.പി.ഐ. പറയുന്നത്. മാത്ര മല്ല ഡി.ഐ.ശി.യെ ഇടതുമുന്നണിയിൽ എടുക്കുന്നതിനെ എതിർക്കാനും തീരുമാനിച്ചിരിക്കുന്നു. എന്തൊരു കൊടിയ അനീതി. ഡി.ഐ.സിയുമായി തിരുവനന്തപുരത്ത് ഉണ്ടായിരുന്ന ബന്ധം വെറും അടവുനയം മാത്രമായിരുന്നു എന്നാണ് സി.പി.ഐ. ഇപ്പോൾ പറയുന്നത്. ഇത് ഈ വൈകിയ വേളയിൽ പറയേണ്ടതാണോ സഖാക്കളേ എന്ന് ഡി.ഐ.സിക്കാർ ചോദിച്ചേക്കാം.

ഡി.ഐ.സി. പ്രശ്നത്തിൽ അച്യുതാനന്ദന്റെ നിലപാടാണ് തങ്ങൾക്കുമുള്ളത് എന്ന് സി.പി.ഐ. പറയുന്നു. കരുണാകരനേയും മകനേയും മകളേയും തോല്പിച്ച പാരമ്പര്യമാണ് ഇടതുപക്ഷത്തിനുള്ളതെന്നും അതിന് മാറ്റം വരുത്തേണ്ട സാഹചര്യം ഇപ്പോൾ ഇല്ലെന്നും അച്യുതാനന്ദൻ പറയുന്നു. ഇടതുപക്ഷത്തിന് ഒരു പ്രവർത്തന ശൈലിയുണ്ട്. അതുമായി പൊരുത്തപ്പെടുന്നതല്ല കോൺഗ്രസ്സിന്റെ ശൈലി. ആന്റണി, രമേശ്, ഉമ്മൻ ചാണ്ടി, കരുണാകരൻ തുടങ്ങിയവരിൽ ഇടതുപക്ഷത്തിന് ഏറ്റഴും വിയോജിപ്പുള്ളത് കരുണാകരനുമായിട്ടാണ്. വസ്തുത ഇതായിരിക്കെ എങ്ങനെ ലീഡർജിയുമായി പൊരുത്തപ്പെടാനാകും എന്നാണ് അച്യുതാനന്ദൻ ചോദിക്കുന്നത്. സംഗതി ശരിയാണെന്നതിന് രണ്ടു പക്ഷമില്ല. ഈ നിലപാടാണ് തങ്ങൾക്കും സ്വീകാര്യം എന്ന് സി.പി.ഐയും പറയുന്നതോടെ ഡി.ഐ.സിയുടെ നില പരുങ്ങലിലായിരിക്കയാണ്.

എന്താണ് സി.പി.ഐക്ക് പെട്ടെന്നൊരു ഡി.ഐ.സി. വിരോധം? ലീഡറുടെ നാക്കാണ് കുഴപ്പമുണ്ടാക്കിയത്. ആറു മാസം കഴിഞ്ഞാൽ ലീഡറുടെ പോലീസ് വരുമെന്നും 18 സീറ്റെങ്കിലും ഡി.ഐ.സിക്ക് ഉണ്ടായിരിക്കുമെന്നും ലീഡർ പ്രഖ്യാപിച്ചു. 90 സീറ്റിൽ സി.പി.ഐ.(എം.) മത്സരിക്കുമെന്ന് വ്യക്തമായതോടെ സി.പി.ഐയുടെ നില പരുങ്ങലിലായി. മാത്രമല്ല, കേരളത്തിലെ രണ്ടാമത്തെ കക്ഷി ഡി.ഐ.സി. ആണെന്നുകൂടി ലീഡർ പറഞ്ഞതോടെ സി.പി.ഐ. ഒരു തീരുമാനത്തിലെത്തി. ഡി.ഐ.സിയെ ഇടതുമുന്നണിയിൽ വേണ്ട. ഒട്ടകത്തിന് തല ഒളിക്കാൻ ഇടം കൊടുത്ത് അപകടം ക്ഷണിച്ചു വരുത്തേണ്ട.

ലീഡറുടെ പോലീസ് വരണമെങ്കിൽ ലീഡർക്കോ ലീഡറുടെ പാർട്ടിക്കോ ആഭ്യന്തര വകുപ്പ് ലഭിക്കണം. അതു നടക്കുമോ? ഡി.ഐ.സിയെ ഇടതുമുന്നണിയിൽ എടുക്കുമോ എന്നുപോലും തീർച്ചയില്ല. എടുത്താൽ എത്ര സീറ്റ് കിട്ടുമെന്നും പറയാറായിട്ടില്ല. ഒറ്റയ്ക്കു ഭരിക്കാനുള്ള ഭൂരിപക്ഷം സി.പി.ഐ.(എം.)ന് ലഭിക്കാനാണ് സാദ്ധ്യത. അങ്ങനെ വന്നാൽ ഡി.ഐ.സിയുടെ ഗതി എന്താകുമെന്ന് പറയാനാവില്ല. വസ്തുതകൾ ഇങ്ങനെയിരിക്കെയാണ് ലീഡറുടെ അതിമോഹം ഉയർന്നു പറക്കുന്നത്.

പെട്ടി പോയാലെന്താ, താക്കോൽ നമ്മുടെ കൈയിലുണ്ടല്ലോ എന്ന് പണ്ടൊരു നമ്പൂതിരി പറഞ്ഞതുപോലെയാണ് കോൺഗ്രസ്സ് ഇപ്പോൾ പറയുന്നത്. ശിവകുമാർ തോറ്റെങ്കിലും കോൺഗ്രസ്സിന് ഒരുലക്ഷത്തോളം വോട്ടുകൾ കൂടുതൽ കിട്ടി. ഈ സിദ്ധാന്തം അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിലും പ്രായോഗികമായാൽ യു.ഡി.എഫിന് കൂടുതൽ വോട്ടുകൾ കിട്ടുകയും എൽ.ഡി.എഫ്. ഭരണം പിടിച്ചടക്കുകയും ചെയ്യും.

ഇടതുപക്ഷം കൈവിട്ടാൽ ഡി.ഐ.സി. എന്തുചെയ്യും? ബി.ജെ.പിയുടെ കൂടെ ചേർന്ന് ഒരു മൂന്നാം മുന്നണി ഉണ്ടാക്കാം. അല്ലെങ്കിൽ ഇടതുപക്ഷത്തും യു.ഡി.എഫിലുമുള്ള ചെറുകിട പാർട്ടികളെ ചേർത്ത് മുന്നണിയുണ്ടാക്കാം. രണ്ടിലേതായാലും അധോഗതി തന്നെ ശരണം. ഇടതുപക്ഷത്തിന്റെ തണലിലാണ് ഡി.ഐ.സി. പിടിച്ചു നിൽക്കുന്നത് എന്ന് അച്യുതാനന്ദൻ പറഞ്ഞത് ശരിയല്ലെന്ന് ആർക്ക് പറയാനാവും?

ഒ.എൻ.വി. ഇങ്ങനെയൊരു ചതി ചെയ്യുമെന്ന് ആരും കരുതിയിരുന്നില്ല. ഇടതുപക്ഷത്തുള്ള ചെറുകിട പാർട്ടികൾക്ക് പാർട്ടികളെ ഒഴിവാക്കണമെന്നാണ് അദ്ദേഹം നിർദ്ദേശിച്ചത്. അവയെ ഈർക്കിൽ പാർട്ടികൾ എന്ന് വിശേഷിപ്പിക്കാനും അദ്ദേഹം മറന്നില്ല. ഈർക്കിൽ പാർട്ടികൾ എന്നത് അലങ്കാരശാസ്ത്ര പ്രകാരം എന്തായിട്ടു വരും എന്ന് അറിഞ്ഞുകൂടാ. ഉപമയോ ഉത്പ്രേക്ഷയോ രൂപകമോ എന്തോ ആണ്. എന്തുതന്നെ ആയാലും ഈർക്കിൽ സംഘത്തിന് അത് ഓർക്കാപ്പുറത്തുള്ള അടിയായി.

ഈർക്കിൽ അത്ര വിലയില്ലാത്തതോ ഗുണമില്ലാത്തതോ എങ്ങനെ പറയാനാവും. ഇമ്മിണി ഈർക്കിലുകൾ ഒന്നുചേർന്നാൽ ചൂലായി. തൂക്കാൻ ചൂല് വേണമല്ലോ. മാത്രമല്ല, കുറ്റിച്ചൂലിന് രാഷ്ട്രീയത്തിലുള്ള സ്ഥാനത്തേപ്പറ്റി വിശേഷിച്ച് പറയേണ്ടതില്ലല്ലോ. അതുകൊണ്ട് ഈർക്കിൽ അത്ര നിസ്സാരമാണെന്ന് പറയുന്നതെങ്ങനെ?

ഈർക്കിലുകളോട് സി.പി.ഐ.(എം.) സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നിലപാടും അത്ര അനുകൂലമല്ല. ചെറിയ പാർട്ടികളെ മുന്നണിയിലെ ചർച്ചകളിൽ പങ്കെടുപ്പിക്കേണ്ടതില്ല എന്നാണ് ഇപ്പോഴുള്ള തീരുമാനം. ഈ കണക്കിനുപോയാൽ ചെറിയ പാർട്ടികളുടെ സ്ഥിതി പരിതാപകരമാകും. അടുത്ത തിരഞ്ഞെടുപ്പിൽ ഇവരിൽ ആർക്കും സീറ്റ് കിട്ടിയില്ലെന്നു വരാം. കിട്ടിയാൽത്തന്നെ പൊട്ടോ പൊടിയോ മാത്രമേ കിട്ടൂ. സി.പി.ഐ.(എം.), സി.പി.ഐ., ജനതാദൾ, ജോസഫ് ഗ്രൂപ്പ് ഇന്നിവ മാത്രമേ ഭാവിയിൽ ഉണ്ടാകൂ എന്നു ചുരുക്കം.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി.,
എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# കൊറ്റനാട് പ്രതിയെ വിസ്തരിക്കാത്തതെന്ത്?

പ്രതിയെ വിസ്തരിക്കപോലും ചെയ്യാതെ വെറുതെ വിടുകയും വാദിയെ തൂക്കി കൊല്ലാൻ വിധിക്കയും ചെയ്യുന്ന രീതി ലോകത്തെവിടെയെങ്കിലും ഉള്ളതായി കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. ഐ.പി.സി. എന്ന വെള്ളരിക്കാപ്പട്ടണത്തിൽ ഇതാണ് നടക്കുന്നത്.

ബിജു ഐസക്ക് എന്ന പാസ്റ്റർക്കെതിരെ ഗുരുതരമായ പ്രകൃതിവിരുദ്ധ ബന്ധം ആരോപിച്ച് റാന്നി സെന്ററിൽ നിന്ന് ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിലിന് പരാതി ലഭിച്ചു. പക്ഷേ കൗൺസിൽ പരാതി മുക്കി. ഒരു നടപടിയും എടുത്തില്ല.

എന്നാൽ ഇത്തരം ഒരു പരാതി ലഭിച്ചതായി മനസ്സിലാക്കിയ കൗൺസിൽ അംഗങ്ങളിൽ ചിലർ പ്രശ്നം ഉന്നയിച്ചു. അങ്ങനെ പരാതിക്ക് പുതുജീവൻ വെച്ചു. ബിജു ഐസക്കിനേയും വാദിഭാഗത്തേയും വിളിച്ച് പ്രാരംഭ വിചാരണ നടത്തുകയും ചെയ്തു. അതിനിടയിൽ പ്രതി ടി.എസ്.ഏബ്രഹാമിനെ അഭയം ചൊല്ലി. അതോടെ വാദി പ്രതിയായി. വിചാരണ നിർത്തി വെച്ചു.

പ്രശ്നം അവിടംകൊണ്ടും തീർന്നില്ല. ടി.എസ്.ഏബ്രഹാം പ്രതിയായ ബിജു ഐസക്കിനെ വിചാരണ കൂടാതെ നിരപരാധിയായി പ്രഖ്യാപിച്ചു. കൊറ്റനാട് സഭയിൽ ഇപ്പോഴുള്ള പാസ്റ്ററെ ഈ പാപത്തെ എതിർത്ത കുറ്റത്തിന് ഐ.പി.സിയിൽ നിന്ന് പുറത്താക്കുകയും ചെയ്തു.

ഈ പ്രശ്നം മൂലം ഇപ്പോൾ കൊറ്റനാട് സഭ ഗുരുതരമായ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. സഭയിൽ രണ്ടു പക്ഷമുണ്ട്. പ്രകൃതി വിരുദ്ധന് പിൻതുണ കൊടുക്കുന്ന ഒരു പക്ഷവും വിശുദ്ധിക്കുവേണ്ടി നിലകൊള്ളുന്ന മറ്റൊരു പക്ഷവും. സർവ്വശക്തനായ ടി.എസ്.ഏബ്രഹാമിന്റെ അനുഗ്രഹം പ്രകൃതി വിരുദ്ധ പക്ഷത്തിനുണ്ട്. അതുകൊണ്ട് അന്തിമ വിജയം പ്രകൃതി വിരുദ്ധർക്കായിരിക്കും.

# മലബാറിലെ അനാഥശാലയിൽ സ്ഥിതി ഗുരുതം

ശാരോന്റേതെന്ന പേരിൽ മലബാറിലുള്ള അനാഥശാലയിൽ പ്രതിസന്ധി വീണ്ടും രൂക്ഷമായിരിക്കയാണ്. കുട്ടികളെ പട്ടിണിക്കിട്ടതിന്റെ പേരിൽ അടുത്ത കാലത്ത് അവിടെയുണ്ടായ പ്രശ്നത്തിന്റെ തുടർച്ചയാണ് ഇപ്പോഴുള്ള പ്രശ്നം.

പരമ നീചനായ കുഞ്ഞൂട്ടിയുടെ അധീനതയിലാണ് ഈ സ്ഥാപനം. വ്യഭിചാരം, മദ്യപാനം തുടങ്ങിയവയ്ക്കുള്ള ഒരു താവളമായാണ് കുഞ്ഞൂട്ടി ഈ സ്ഥാപനത്തെ ഉപയോഗിക്കുന്നത്. ലക്ഷക്കണക്കിനു രൂപ വിലവരുന്ന കശുവണ്ടി ഈ സ്ഥാപനത്തിന്റെ വകയായുള്ള തോട്ടത്തിൽ നിന്ന് ലഭിക്കാറുണ്ടെങ്കിലും അനാഥശാലയിലുള്ള കുട്ടികൾക്ക് ആവശ്യമായ ഭക്ഷണം കൊടുക്കാൻ പോലും കുഞ്ഞൂട്ടി തയ്യാറാകാറില്ല. ഇത് പലപ്പോഴും പ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്.

ഏതാനും മാസം മുൻപും ഇത്തരത്തിലുള്ള ഒരു പ്രശ്നമുണ്ടായി. നാട്ടുകാർ ഈ പ്രശ്നത്തിൽ ഇടപെട്ടതോടെ കാര്യം കൂടുതൽ ഗുരുതരമായി. എന്നാൽ കുഞ്ഞൂട്ടി ഏറെ പണിപ്പെട്ട് പ്രശ്നം ഒതുക്കി തീർത്തു.

കുഞ്ഞൂട്ടിക്ക് ആവശ്യമായ മദ്യവും മദിരാക്ഷിയും സംഘടിപ്പിച്ച് കൊടുക്കുന്ന ചിലർ അവിടെയുണ്ട്. അവർ കുഞ്ഞൂട്ടിക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറുമാണ്. ഈ നീചൻമാരുടെ സഹായത്തോടെ കുഞ്ഞൂട്ടി ഇപ്പോൾ കുട്ടികളോട് പക വീട്ടുകയാണ്. കുഞ്ഞൂട്ടിയെ എതിർക്കാൻ ധൈര്യം കാണിച്ച ചില കുട്ടികളെ മേല്പടി ഗുണ്ടകൾ ഈയിടെ തല്ലിച്ചതച്ചതായി അറിയാൻ കഴിഞ്ഞു. സംഭവം പുറത്തു പറഞ്ഞാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തിയിരിക്കയാണ്. ഏറെ താമസിയാതെ ഈ സ്ഥാപനത്തിൽ മറ്റു പലതും നടക്കാൻ സാദ്ധ്യതയുണ്ട്.




# ശാരോനെ തകർക്കുന്നവർ ശിക്ഷാവിധിക്കിരയാകും: കെ.എ.തോമസ്

ശാരോനെ തകർക്കാൻ ശ്രമിക്കുന്നവർ ശിക്ഷാവിധി പ്രാപിക്കും. പറയുന്നത് കെ.എ.തോമസ്. പ്രസിദ്ധ പ്രസംഗകൻ കെ.എ.ഏബ്രഹാമിന്റെ സഹോദരൻ. ശാരോന്റെ ജനറൽ കൺവെൻഷനാണ് വേദി.

ശാരൻ കൺവെൻഷനിൽ പാട്ടുപാടാനാണ് തോമസ് സ്റ്റേജിലെത്തിയത്. പുട്ടിന് പീര ഇടുന്നതുപോലെ തോമസ് ഇടയ്ക്ക് ദൈവവചനത്തിൽ നിന്ന് എന്തെങ്കിലുമൊക്കെ പറയുക പതിവാണ്. അങ്ങനെ ചിലതൊക്കെ ശാരോൻ കൺവെൻഷനും പറഞ്ഞു. അതിനിടയിലാണ് ശാരോന്റെ ശത്രുക്കൾക്കെതിരെ വാളോങ്ങിയത്. ശാരോനെ തകർക്കാൻ ശ്രമിക്കുന്നവരെ ദൈവം ശിക്ഷിക്കും എന്ന് തോമസ് പറഞ്ഞു.

ആരാണ് ശാരോനെ തകർക്കാൻ ശ്രമിക്കുന്നത്? ശാരോനിലെ വിശ്വാസികളാണോ? അല്ലെന്നു വ്യക്തം. കൂലിപ്പണിയെടുത്തുവരെ പണമുണ്ടാക്കി അനർ ശാരോനെ വളർത്തുകയാണ്. പിന്നാര്? ശാരോനിലെ പാസ്റ്റർമാരാണോ? ആകാൻ വഴിയില്ല. കാരണം, ശാരോനിലെ ഭൂരിപക്ഷം പാസ്റ്റർമാരും പാവങ്ങളാണ്. അവർ ശാരോനെതിരായി ഒന്നും ചെയ്യുന്നില്ല. പിന്നാരാണ് ശാരോനെ തകർക്കാൻ ശ്രമിക്കുന്നത്? ഉത്തരം വ്യക്തം: ടി.ജി.കോശി, ടി.പി.എബ്രഹാം, സി.വി. ജോൺ തുടങ്ങിയ ശാരോൻ നേതാക്കൻമാർ. അവരാണ് ശാരോനെ തകർത്തുകൊണ്ടിരിക്കുന്നവർ. ശാരോന്റെ വസ്തുവകകൾ ഇവർ കൊള്ളയടിക്കുകയാണ്. ശാരോന്റെ സഭകൾ ഇവർ സ്വന്തം സംഘടനയുടെ വകയാക്കുകയാണ്. ശാരോൻ തകർന്നു കാണാൻ ആഗ്രഹിക്കുകയും അതിനായി പ്രയത്നിക്കയും ചെയ്യുന്നത് ഇവരാണ്. കെ.എ. തോമസ് പറഞ്ഞത് ശരിയാണെങ്കിൽ ശിക്ഷാവിധി ഉണ്ടാകുന്നത് ഈ ശാരോൻ നേതാക്കൻമാർക്കാണ്.

# അധികാരമോഹികൾ അനുഭവിക്കും: കെ.എ.ഏബ്രഹാം

കെ.എ.തോമസ് ശാരോൻ നേതാക്കൻമാർക്ക് ശിക്ഷാവിധി ഉണ്ടാകുമെന്ന് പ്രഖ്യാപിച്ചപ്പോൾ അധികാരമോഹികളെ ദൈവം വെറുതെ വിടുകയില്ലെന്നു പറഞ്ഞ് കെ.എ.ഏബ്രഹാമും ശാരോൻ നേതാക്കൻമാർക്കെതിരെ ആഞ്ഞടിച്ചു. ശാരോൻ കൺവെൻഷനിൽ പ്രസംഗിക്കുമ്പോഴാണ് കെ.എ.ഏബ്രഹാം ഇപ്രകാരം പറഞ്ഞത്.

ടി.ജി.കോശി, ടി.പി.ഏബ്രഹാം, സി.വി.ജോൺ, പി.ജി.ജേക്കബ് തുടങ്ങിയവർ അധികാരക്കൊതിയൻമാരാണെന്ന് ഏവർക്കും അറിയാം. മറ്റാരെങ്കിലും അധികാരത്തിൽ എത്തുമോ എന്ന ഭയം മൂലം ഇവർ വിശ്വാസികളേയും സാധാരണക്കാരായ പാസ്റ്റർമാരേയും സഭാംഗത്വം പോലും നൽകാതെ തടഞ്ഞുവെച്ചിരിക്കയാണ്. ശാരോനിൽ ഇരുപതിൽ താഴെ അംഗങ്ങൾ മാത്രമേ ഉള്ളൂ എന്ന് നേതാക്കൻമാർ പറയുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല. ഇത്ര മുഴുത്ത അധികാരക്കൊതിയൻമാരെ മറ്റൊരു പെന്തക്കോസ്ത് സഭയിലും കണ്ടെത്തുകയില്ല.

ഏതായാലും കെ.എ.ഏബ്രഹാം പറഞ്ഞത് ശാരോൻ നേതാക്കൻമാരുടെ ഹൃദയത്തിൽ തറച്ചു. അവർ ഇരുന്നു പുകയുകയും പുളയുകയും ചെയ്തു. ഇതിന് മറുപടി പറഞ്ഞില്ലെങ്കിൽ ആകെ നാണക്കേടാകും എന്ന സ്ഥിതി വന്നു. ഒടുവിൽ ടി.ജി.കോശി എഴുന്നേറ്റു. തങ്ങൾ അധികാരക്കൊതിയൻമാരല്ലെന്നും പരമ യോഗ്യൻമാരായ ദൈവദാസൻമാരാണെന്നും പ്രഖ്യാപിച്ചു. അച്ചൻ പത്തായത്തിലില്ല എന്ന പരുവത്തിലുള്ള ഈ പ്രഖ്യാപനം കേട്ടതോടെ കെ.എ.ഏബ്രഹാം ആരേപ്പറ്റിയാണ് പറഞ്ഞതെന്ന് കേഴ്‌വിക്കാരുടെ മനസ്സിലുണ്ടായിരുന്ന സംശയവും നീങ്ങി.



# കുരുടൻമാർ വഴികാട്ടിയാൽ

ദൈവസഭയിൽ ദുരുപദേശങ്ങൾ കടന്നു വരിക എന്നത് പുതിയ കാര്യമല്ല. അപ്പോസ്തലൻമാരുടെ കാലത്തുതന്നെ വിവിധതരത്തിലുള്ള ദുരുപദേശങ്ങൾ സഭയിൽ കടന്നുകൂടിയിട്ടുണ്ട്. എന്നാൽ അപ്പോസ്തലൻമാർ ഇതിനൊക്കെ എതിരെ പോരാടി. സത്യവചനമെന്തെന്ന് അവർ ജനത്തെ പഠിപ്പിച്ചു. ഗലാത്യ ലേഖനം, കൊലോസ്യ ലേഖനം തുടങ്ങിയവ ഉണ്ടായത് ഇങ്ങനെയാണ്. പക്ഷേ, ആ കാലമൊക്കെ പോയി. ഇന്ന് ദുരുപദേശങ്ങൾക്കെതിരെ പ്രതികരിക്കാൻ നേതാക്കൻമാർ തയ്യാറാകുന്നില്ല.

പെന്തക്കോസ്ത് പ്രസ്ഥാനത്തിൻെറ ആദ്യ നാളുകളിൽ ദുരുപദേശങ്ങൾക്കെതിരെ പോരാടുവാൻ നേതാക്കൻമാർ തയ്യാറായിരുന്നു. സംശയമുള്ളവർ പാസ്റ്റർ കെ.ഇ. ഏബ്രഹാമിൻെറ ആത്മകഥ വായിച്ചു നോക്കുക. കെ.ഇ.ഏബ്രഹാം എഴുതിയ മഹതിയാം ബാബിലോൺ, പരിശുദ്ധാത്മ സ്നാനം തുടങ്ങിയ പുസ്തകങ്ങളും ദുരുപദേശങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൻെറ ഭാഗമായിരുന്നു. പാസ്റ്റർ റ്റി.ജി. ഉമ്മൻ സിലോൺ പെന്തക്കോസ്ത് മിഷനെതിരെവരെ പുസ്തകമിറക്കി.

അക്കാലത്ത് ഇറങ്ങിയ പെന്തക്കോസ്ത് മാസികകളും ഈ വിധത്തിലുള്ളതായിരുന്നു. പ്രധാന ലേഖനങ്ങളെല്ലാം ദുരുപദേശങ്ങൾക്കെതിരെയുള്ളവയായിരുന്നു. പക്ഷേ, ഇന്നത്തെ സ്ഥിതി തികച്ചും പരിതാപകരമാണ്. ആട്ടിൻ കാഷ്ഠവും കൂർക്കയും തിരിച്ചറിയാത്ത കുറെ നേതാക്കൻമാരാണ് പെന്തക്കോസ്തിനെ നയിക്കുന്നത്. വിവരമെന്നത് അയലത്തുകൂടിപ്പോലും പോയിട്ടില്ല. അതുകൊണ്ട് ദുരുപദേശങ്ങൾ അരങ്ങടക്കി വാഴുന്നു. മറുപടി പറയാൻ കഴിയാതെ വിശ്വാസികൾ കുഴയുന്നു. യുദ്ധത്തിന് നേതൃത്വം കൊടുക്കേണ്ടവർ ഡോളറിനും കസേരക്കും പിന്നാലെ നെട്ടോട്ടമോടുന്നു.

എന്നാൽ ഈ ദുരുപദേശങ്ങൾക്കെതിരെ ഡിഫെൻഡർ എന്തെങ്കിലും ചെയ്യാമെന്നു വെച്ചാലോ? ഫലമില്ല. കാരണം, മഹാപാപിയായ റ്റി.എസ്.ബാലൻെറ പത്രം വായിച്ചാൽ നരകത്തിൽ പോകുമെന്നാണ് ഈ നേതാക്കൻമാർ വിശ്വാസികളെ പറഞ്ഞ് ധരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഡിഫെൻഡർ വായിക്കാൻ സാധാരണക്കാരായ വിശ്വാസികൾ ഭയപ്പെടുന്നു.

നമ്മുടെ ബൈബിൾ കോളേജുകളും ഈ വിഷയത്തിൽ തെറ്റ് ചെയ്യുന്നുണ്ട്. സത്യോപദേശ സംരക്ഷണത്തിന് ആവശ്യമായ അറിവ് വിദ്യാർത്ഥികൾക്ക് നൽകുന്നതിന് ഭൂരിപക്ഷം ബൈബിൾ കോളേജുകളും ശ്രദ്ധിക്കുന്നില്ല. ഇത്തരം വിഷയങ്ങൾ പഠിപ്പിക്കാൻ ആവശ്യമായ അറിവ് അദ്ധ്യാപകർക്കുമില്ല. അതു കൊണ്ട് സത്യോപദേശവും വ്യാജോപദേശവും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തവരായാണ് വിദ്യാർത്ഥികൾ ഡിഗ്രിയുമായി പുറത്തു വരുന്നത്.

ഒരുപക്ഷേ, ഡിഫെൻഡർ അതിശയോക്തി പറയുകയാണെന്ന് ചിലരെങ്കിലും സംശയിച്ചേക്കാം. അതുകൊണ്ട് ഈ പ്രശ്നം ഒന്നു പരീക്ഷണവിധേയമാക്കുകയാണ് നല്ലത്.

ഈ വിഷയത്തേപ്പറ്റി ഒരിക്കൽ ഡിഫെൻഡർ എഴുതിയിരുന്നു. ബൈബിൾ കോളേജിൽ നിന്നും ഡിഗ്രിയുമെടുത്തു പുറത്തു വരുന്നവരോട് താഴെ പറയുന്ന ചോദ്യങ്ങൾ ചോദിക്കുവാൻ ഡിഫെൻഡർ ആവശ്യപ്പെടുകയും ചെയ്തിരുന്നു:

1. പത്തു കല്പനകൾ പുതിയ നിയമ വിശ്വാസികൾ അനുസരിക്കേണ്ടതുണ്ടോ?
2. ഖുറാനിലെ അള്ളാഹുവും ബൈബിളിലെ ദൈവവും ഒന്നാണെന്ന് പറയാൻ കഴിയുമോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?
3. ഇൻവെസ്റ്റിഗേറ്റീവ് ജഡ്ജ്മെന്റ് എന്നാൽ എന്ത്?
4. ബൈബിൾ പഠിപ്പിക്കുന്ന രക്ഷയും ഹിന്ദുമതത്തിലെ മോക്ഷവും ഒന്നാണോ? അല്ലെങ്കിൽ എന്താണ് വ്യത്യാസം?
5. ബൈബിളിനു വെളിയിൽ ദൈവീക വെളിപ്പാടുണ്ടോ? ബൈബിൾ എന്തു പറയുന്നു?
6. "നീ എൻെറ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന വാക്യത്തിൽ നിന്നും യേശു ദൈവസൃഷ്ടിയാണെന്ന് തെളിയുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?
7. യേശുവിൻെറ നാമത്തിലുള്ള സ്നാനവും ത്രിത്വനാമത്തിലുള്ള സ്നാനവും ഒന്നാണോ?
8. അന്യഭാഷയിൽ സംസാരിച്ചിട്ടില്ലാത്ത വ്യക്തി പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചിട്ടില്ല എന്ന വാദം ശരിയാണോ? കാരണം?
9. മദർ തെരേസ, മഹാത്മാ ഗാന്ധി തുടങ്ങിയവരെപ്പോലെ ജീവിച്ചാൽ നിത്യരക്ഷ പ്രാപിക്കുവാൻ കഴിയുമോ? എന്തുകൊണ്ട്?
10. ടെലിപ്പതി എന്നാൽ എന്ത്?

ഈ ചോദ്യങ്ങളിൽ പകുതിക്കെങ്കിലും കൃത്യമായ ഉത്തരം പറയാൻ കഴിയുമെങ്കിൽ ആ വ്യക്തിക്ക് ദൈവവചനത്തിലും സത്യോപദേശങ്ങളിലും ന്യായമായ പരിജ്ഞാനമുണ്ടെന്ന് മനസ്സിലാക്കാം. പക്ഷേ, ഭൂരിപക്ഷം ബിരുദധാരികൾക്കും ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയുമെന്ന് തോന്നുന്നില്ല.

ഇതേ ചോദ്യങ്ങൾ ബൈബിൾ കോളേജ് അദ്ധ്യാപകരോട് ചോദിച്ചുനോക്കൂ. വളരെ കുറച്ച് ആളുകൾ മാത്രമേ മറുപടി പറയൂ. എന്താണ് പ്രശ്നം? മിക്കവരും ഈ വിധത്തിലുള്ള കാര്യങ്ങളൊന്നും പഠിച്ചിട്ടില്ല. അവരെ ആരും ഇതൊന്നും പഠിപ്പിച്ചിട്ടുമില്ല. സാധാരണക്കാരായ പാസ്റ്റർമാരോട് ഈ ചോദ്യങ്ങൾ ചോദിക്കേണ്ടതില്ല. കാരണം, ഭൂരിപക്ഷം പാസ്റ്റർമാർക്കും ഇതൊക്കെ പഠിക്കാൻ സമയമില്ല.

പെന്തക്കോസ്ത് നേതാക്കൻമാരിൽ എത്രപേർക്ക് ഈ ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിയും? ഒരാളെങ്കിലും ഉണ്ടാകുമോ? സംശയമാണ്. പ്രശ്നം അവിടെയാണ്. കുരുടൻമാർ കുരുടൻമാരെ വഴി കാട്ടുന്നു. എല്ലാവരുംകൂടി കുഴിയിൽ വീഴുമെന്നതിന് സംശയമില്ല. പെന്തക്കോസ്ത് പ്രസ്ഥാനം നാശത്തിലേക്കാണ് പോകുന്നത് എന്നതിന് വേറെ തെളിവെന്തിന്?

ഈ ചോദ്യങ്ങൾക്കുള്ള മറുപടികൾ പിന്നാലെ വിശദമാക്കാം എന്ന് പറഞ്ഞിരുന്നു. എന്നാൽ സ്ഥല പരിമിതിമൂലം ഇവയേപ്പറ്റി എഴുതാൻ ഇതുവരെ കഴിഞ്ഞില്ല.

ഇതേപ്പറ്റി ഡിഫെൻഡറിൽ എഴുതിയാൽ ജനം സത്യം അറിയും എന്നത് ശരിതന്നെ. പക്ഷേ, കാലക്രമത്തിൽ അത് മറന്നെന്നുവരാം. അതുകൊണ്ട് ഈ വിഷയങ്ങളെല്ലാം ഉൾപ്പെടുത്തിയാണ് സി.ഡി. ഇറക്കിയിരിക്കുന്നത്. ഉദാഹരണമായി ഒന്നും മൂന്നും ചോദ്യങ്ങൾക്കുള്ള മറുപടി രണ്ടാമത്തെ സി.ഡിയിൽ ഉണ്ട്. രണ്ട്, നാല്, അഞ്ച് എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം അഞ്ചാമത്തെ സി.ഡിയിൽ ഉണ്ടാകും. ഇങ്ങനെ, വിശ്വാസികളും ശുശ്രൂഷകൻമാരും അറിഞ്ഞിരിക്കേണ്ട സുപ്രധാന വിഷയങ്ങളെല്ലാം ഉൾപ്പെടുത്തിയാണ് ഈ സി.ഡി.കൾ തയ്യാറാക്കിയിരിക്കുന്നത്.

ദൈവമക്കളുടെ ആധാരം ബൈബിളാണ്. അതുകൊണ്ട് ദൈവമക്കൾ ദൈവവചനം നന്നായി പഠിക്കണം. ദുരുപദേശങ്ങൾ തിരിച്ചറിയാനും സാത്താന്യ തന്ത്രങ്ങളിൽ കുടുങ്ങാതെ രക്ഷപ്പെടാനും ദൈവവചനം സഹായകമാകും.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ദൈവവചനത്തിൽ നിന്ന് ആഴമേറിയ സത്യങ്ങൾ പ്രസംഗിക്കുന്ന പ്രസംഗകർക്ക് ഇന്ന് ഏറെ ഡിമാന്റില്ല. മറിച്ച്, ഉണർവ്വു പ്രസംഗകരെന്ന പേരിൽ അറിയപ്പെടുന്ന ബഹളക്കാർക്ക് പ്രോഗ്രാമിന് പഞ്ഞമില്ല. ഇവരുടെ യോഗങ്ങളിൽ വലിയ ജനക്കൂട്ടവും ഉണ്ടാകുന്നു. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണ് പറയാനുള്ളത്?

■ ഉണർവ്വു പ്രസംഗങ്ങളിലും ഉണർവ്വുസഭകളിലും ആൾക്കൂട്ടമുണ്ടാകുന്നു എന്നത് ശരിതന്നെ. എന്താണിതിന് കാരണം? ദൈവാത്മാവിൻെറ പ്രവർത്തനമാണോ? അതോ മറ്റെന്തെങ്കിലും കാരണമാണോ? ഇന്നു നടക്കുന്ന സംഭവങ്ങൾ തിരുവചന വെളിച്ചത്തിൽ പരിശോധിക്കാം.

യഥാർത്ഥ ഉണർവ്വുണ്ടാകുന്നിടത്ത് വിശ്വാസികളുടെ എണ്ണം വർദ്ധിക്കും എന്നത് സത്യമാണ്. പ്രവൃത്തികളുടെ പുസ്തകത്തിൽ ഇതിന് മതിയായ തെളിവുകളുണ്ട്. പക്ഷേ, ഉണർവ്വ് എന്ന പേരിൽ ഇന്ന് നടക്കുന്നത് യഥാർത്ഥ ആത്മീയ ഉണർവ്വാണോ? സംശയമുണ്ട്.

ഉറങ്ങിക്കിടക്കുന്ന ഒരാൾ ചിരിക്കുകയും കരയുകയും ചെയ്തെന്നു വരാം. എഴുന്നേറ്റ് നടക്കുകയോ സംസാരിക്കുകയോ ചെയ്യാറുമുണ്ട്. പക്ഷേ ഈ ലക്ഷണങ്ങൾ കണ്ടതുകൊണ്ട് അയാൾ ഉണർന്നു എന്ന് ധരിക്കരുത്. കാരണം, ഇതൊക്കെ ഉറക്കത്തിലും ചെയ്യാൻ കഴിയും. ആത്മീയ ഉണർവ്വിൻെറ കാര്യവും ഏറെക്കുറെ ഇതുതന്നെ. ആത്മീയമായി ഉറങ്ങി കിടക്കുന്ന വ്യക്തിക്കും ഉച്ചത്തിൽ ഹാലേലൂയ്യാ പറയാനോ ചാടാനോ തുള്ളാനോ ഒക്കെ കഴിയും. ഇതൊക്കെ കണ്ട് ആത്മീയ ഉണർവ്വായി തെറ്റിദ്ധരിക്കരുത്.

യഥാർത്ഥ ഉണർവ്വുണ്ടാകുമ്പോൾ എന്താണ് സംഭവിക്കുക? ഉറങ്ങിക്കിടക്കുന്ന വ്യക്തി ഉണർന്നെഴുന്നേൽക്കുമ്പോൾ എന്തൊക്കെ സംഭവിക്കുമോ അതെല്ലാം ആത്മീയ ഉണർവ്വിലും നടക്കും.

ഉറങ്ങിക്കിടക്കുന്ന ഒരു വ്യക്തിയുടെ നെഞ്ചത്ത് ഒരു വിഷപ്പാമ്പ് കയറിയാൽ അയാൾ അറിഞ്ഞില്ലെന്നു വരാം. അഥവാ അറിഞ്ഞാൽ അത് മറ്റെന്തെങ്കിലുമായി ഉപബോധ മനസ്സ് വ്യാഖ്യാനിക്കും. ഉറക്കത്തിൻെറ കാവൽക്കാരനാണ് സ്വപ്നം. അതുകൊണ്ട് തന്റെ കഴുത്തിൽ ചിലർ മാലയിടുന്നതായി അയാൾ സ്വപ്നം കണ്ടേക്കാം. സന്തോഷം കൊണ്ട് മാലയിൽ പിടിക്കാൻ തയ്യാറായാൽ മരണം വരെ സംഭവിച്ചേക്കാം. പക്ഷേ, അയാൾ ഉണർന്നിരിക്കയാണെങ്കിലോ? ഉണർന്നിരിക്കുന്നവൻെറ നെഞ്ചിൽ പാമ്പ് കയറിയിരിക്കാനുള്ള സാധ്യത വളരെ കുറവ്. അഥവാ, ഇരുന്നാൽപ്പോലും കടികൊള്ളാതെ രക്ഷപ്പെടാൻ കഴിഞ്ഞേക്കും.

ഉണർവ്വുകാരുടെ യോഗത്തിൽ സംബന്ധിക്കാൻ പോകുന്നവരുടെ നെഞ്ചത്ത് കപട ഉണർവ്വു പ്രസംഗകരാകുന്ന സർപ്പങ്ങൾ കയറിയിരിക്കുകയാണ്. പക്ഷേ, അതീവ വിശുദ്ധൻമാരായാണ് പ്രസംഗകരെ അവർ കണക്കാക്കുന്നത്. ഇവരുടെ കടിയേറ്റാൽ ആത്മീയ മരണം ഉറപ്പാണെന്ന വസ്തുത ഈ സാധുക്കൾ അറിയുന്നില്ല. എന്തുകൊണ്ട്? ഉത്തരം ലളിതം: ഇവർ ഉറങ്ങുകയാണ്. അതുകൊണ്ട് സത്യം കാണാൻ അവർക്ക് കഴിയുന്നില്ല. എന്നാൽ ഇവർ ഉണർന്നെഴുന്നേറ്റാൽ എന്തു സംഭവിക്കും? നെഞ്ചത്തിരിക്കുന്നത് പൂമാലയല്ല സർപ്പമാണ് എന്ന വസ്തുത ഇവർ ഗ്രഹിക്കും. എത്രയും വേഗം സർപ്പത്തെ അവർ വലിച്ചെറിയും.

സുരേഷ് ബാബു, കെ.സി.ജോൺ, എം.എ.വർഗീസ് തുടങ്ങിയ സർപ്പങ്ങൾ നെഞ്ചത്തു കയറിനിന്ന് ഡാൻസ് കളിക്കുമ്പോൾ സന്തോഷംകൊണ്ട് പൊട്ടിച്ചിരിക്കുന്നവർ ഉറങ്ങുകയാണ് എന്നതിന് സംശയമില്ല. ഇവർക്ക് യഥാർത്ഥ ഉണർവ്വുണ്ടായാൽ സത്യം കാണാൻ ഇവർക്ക് കഴിയും. മേല്പടി സർപ്പങ്ങളെ നെഞ്ചിൽ നിന്നും വലിച്ചെറിയുകയും ചെയ്യും.

ഉണർവ്വു സഭകളിൽ ആളു കൂടുന്നത് ഒരു താത്ക്കാലിക പ്രതിഭാസമാണ്. ഉറക്കത്തിൽ എഴുന്നേറ്റ് നടക്കുന്നവരാണ് ഇത്തരം സഭകളിൽ എത്തുന്നത്. ഇവർ അന്യഭാഷ പറയുകയോ തുള്ളുകയോ ചാടുകയോ ഒക്കെ ചെയ്തെന്നു വരാം. ഉറക്കത്തിൽ നിന്ന് ഉണരുന്നതുവരെ മാത്രമേ ഇവർ അവിടെ ഉണ്ടാകൂ. ഇവർ ഉണരുമ്പോൾ കണ്ണു തുറക്കും സത്യം ഗ്രഹിക്കും. ഉണർവ്വു സഭകളിൽ എത്രയെണ്ണം കാൽ നൂറ്റാണ്ടെങ്കിലും തികച്ചു എന്ന് പരിശോധിക്കുക.

ഭൗതീക അനുഗ്രഹങ്ങൾ വാഗ്ദത്തം ചെയ്താണ് മിക്ക ഉണർവ്വു സഭകളും ആളെ കൂട്ടുന്നത്. മിക്ക ഉണർവ്വു പ്രസംഗകരുടേയും മുഖ്യ പ്രസംഗവിഷയം ഭൗതീക അനുഗ്രഹങ്ങളാണ്. ദ്രവ്യാഗ്രഹികൾക്ക് ഇത്തരം പ്രസംഗങ്ങൾ ശരിക്കും ബോധിക്കും. കൂട്ടത്തോടെ വന്ന് പ്രസംഗം കേൾക്കും. പണമുണ്ടാകാൻ പോകുന്നു എന്ന് ഉറച്ചു വിശ്വസിച്ചുകൊണ്ട് അവർ മടങ്ങിപ്പോകും. സഫലമാകാത്ത പ്രതീക്ഷകൾ വാഗ്ദാനം ചെയ്ത് ഇവർ ജനത്തെ കബളിപ്പിക്കയാണ് ചെയ്യുന്നത്.

കേരളത്തിൽ ഏറ്റവും അധികം ജനം കൂടുന്നത് തങ്കുവിന്റെ സഭയിലാണ്. (അത് സഭയല്ല ജനക്കൂട്ടമാണ് എന്നത് വേറെ കാര്യം). അവിടെ എന്താണ് നടക്കുന്നത്? തങ്കുവിന് വചനത്തിന്റെ ബാലപാഠങ്ങൾ പോലും അറിഞ്ഞുകൂടാ. തങ്കുവിന്റെ പ്രസംഗം കേട്ടാൽ ദൈവവചനം അറിയാവുന്നവർ ചിരിച്ചുപോകും. തോമസ്കുട്ടിക്ക് അല്പം ദൈവവചനം അറിയാം. എങ്കിലും ഇദ്ദേഹം പറയുന്നതും വലിയൊരളവ് വിഡ്ഢിത്തമാണ്. എങ്കിലും ജനത്തെ ഇളക്കാൻ ഇരുവർക്കും അറിയാം. അതുകൊണ്ട് ജനം ഇളകിയാടും. എന്തൊക്കെയോ പ്രാപിച്ചു എന്ന് അവർക്ക് തോന്നുകയും ചെയ്യും. ആ ദിവസങ്ങളിലെങ്ങാനും ഒരു നല്ല ജോലി കിട്ടുകയോ മറ്റെന്തെങ്കിലും ഭൗതിക നന്മ ലഭിക്കുകയോ ചെയ്താലുള്ള സ്ഥിതി പറയുകയും വേണ്ട.

മറ്റ് ഉണർവ്വ് ഗ്രൂപ്പുകളിലും സംഭവിക്കുന്നത് ഇതുതന്നെ. എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കാൻ കഴിവുള്ള ആർക്കും ഉണർവ്വു പ്രസംഗകനാകാം. വചനം അറിയണമെന്നില്ല. ജീവിതവിശുദ്ധി വേണമെന്നില്ല. രക്ഷിക്കപ്പെട്ടതുപോലുമല്ലെങ്കിലും കുഴപ്പമില്ല. പക്ഷേ നല്ല നുണ പറയാനുള്ള കഴിവുണ്ടായിരിക്കണം. അത്യുഗ്രൻ ആത്മീയന്റെ വേഷം കെട്ടാൻ അറിഞ്ഞിരിക്കണം. അത്രമാത്രം.

യേശുക്രിസ്തു അപ്പം വിഭജിച്ച് ശ്രോതാക്കൾക്ക് നൽകിയപ്പോൾ പുരുഷൻമാർ തന്നെ അയ്യായിരമുണ്ടായിരുന്നു. സ്ത്രീകളും കുട്ടികളും അടക്കം വലിയൊരു ജനക്കൂട്ടം അവിടെ ഉണ്ടായിരുന്നു എന്ന് ചുരുക്കം. പക്ഷേ, ജീവൻെറ അപ്പമായ യേശു സ്വന്തം ശരീരം നുറുക്കിയപ്പോൾ പത്രോസ് പോലും തള്ളിപ്പറഞ്ഞു. അപ്പം നൽകുന്ന യേശുവിനെ ഏവർക്കും ഇഷ്ടമാണ്. അത്ഭുത രോഗശാന്തി നൽകുന്ന യേശുവിനേയും ജനത്തിന് ഇഷ്ടമാണ്. പക്ഷേ, കുരിശു ചുമക്കുന്ന യേശു വ്യത്യസ്തനാണ്. ഭൗതീകമായി ഒന്നും അവൻെറ കയ്യിലില്ല. അത്ഭുതം പ്രവർത്തിക്കുന്നുമില്ല. അത്തരത്തിലുള്ള യേശുവാണ് യഥാർത്ഥ രക്ഷകൻ.

അതുകൊണ്ട് ഉറങ്ങുന്നവർ ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേൽക്കട്ടെ. അപ്പോൾ ക്രിസ്തു അവരുടെ മേൽ പ്രകാശിക്കും.

# ശാരോൻ കൺവെൻഷൻ: ലോത്ത് സങ്കീർത്തനം വായിച്ചു

ശ്രീമാൻ ലോത്ത് ശാരോൻ കൺവെൻഷനിൽ സങ്കീർത്തനം വായിച്ചു. ആരാണ് ലോത്ത്? ഏവർക്കും അറിയാവുന്ന സത്യമാണല്ലോ അത്. ശാരോന്റെ സെക്രട്ടറിമാരിൽ ഒരാളായ സി.വി.ജോൺ എന്ന മഹാനാണ് ലോത്ത്. ഇദ്ദേഹമാണ് കഴിഞ്ഞ ശാരോൻ കൺവെൻഷനിൽ സഭായോഗത്തിന് സങ്കീർത്തനം വായിച്ചത്.

ലോത്ത് എന്നു പറഞ്ഞപ്പോൾ മിക്കവർക്കും കാര്യം പിടികിട്ടി കാണുമെന്ന് കരുതുന്നു. എന്നാൽ ആർക്കെങ്കിലും മനസ്സിലായിട്ടില്ലെങ്കിൽ പറയാം.

സി.വി.ജോൺ എന്ന കുഞ്ഞൂട്ടി ആധുനിക ലോത്താണ്. പഴയനിയമത്തിലെ ലോത്ത് മദ്യലഹരിയിലായിരുന്ന സമയത്ത് സ്വന്തം പെൺമക്കളുമായി അവിഹിതബന്ധത്തിലേർപ്പെട്ടു. താൻ ചെയ്യുന്നതെന്തെന്ന് അറിയാതെയാണ് ലോത്ത് അങ്ങനെ ചെയ്തത്. ഈ പ്രശ്നത്തിൽ ലോത്തിന്റെ പെൺമക്കളാണ് കുറ്റം ചെയ്തതെന്ന് പറയാം. പക്ഷേ കുഞ്ഞൂട്ടിലോത്തിന്റെ കാര്യത്തിൽ ഈ വിധത്തിലുള്ള പരിഗണനപോലും സാദ്ധ്യമല്ല. കാരണം തികഞ്ഞ ബോധത്തോടെയാണ് കുഞ്ഞൂട്ടി സ്വന്തം പെൺമക്കളെ തന്റെ കാമപൂരണത്തിന് ഉപയോഗിച്ചത്. കുട്ടികൾക്ക് പ്രായപൂർത്തി ആകും മുൻപ് തുടങ്ങിയതാകയാൽ ഇത് ഒരുതരം ബലാൽസംഗമായിരുന്നു എന്നു പറയാം.

ഇതൊക്കെ ശാരോൻ നേതാക്കൻമാർക്ക് നന്നായറിയാം. എന്നിട്ടും അവർ ഈ നഈാനഎ ശാരോൻ കൺവെൻഷന് സങ്കീർത്തനം വായിക്കാൻ നിയമിച്ചു.

# സത്യം പുറത്തറിയുന്നതിൽ കടമ്പനാടുകാർക്ക് ആശങ്ക

സത്യത്തെ കള്ളൻമാർക്ക് പേടിയാണ്. സത്യം പുറത്തുവരുന്നത് തടയാൻ കള്ളൻമാർ ഏതു വഴിയും സ്വീകരിക്കും. കടമ്പനാട് അടിപീസിയിൽ നടക്കുന്ന കാര്യങ്ങളേക്കുറിച്ച് ഡിഫൻഡർ എഴുതുന്നതിൽ കടമ്പനാട്ടുള്ള കള്ളൻമാർക്ക് മന:പ്രയാസം. അതുകൊണ്ട് കടമ്പനാട്ടുനിന്നും ഭീഷണിക്കത്തുകളും ഊമക്കത്തുകളും ഭീഷണിഫോണും ഒക്കെ ഡിഫെൻഡർ ഓഫീസിലേക്ക് പ്രവഹിക്കുകയാണ്. ഇതൊക്കെ കേട്ട് പേടിച്ച് ഡിഫെൻഡർ മിണ്ടാതിരിക്കുമെന്നാണ് ഈ വിഡ്ഢികളുടെ ചിന്ത.

കടമ്പനാട് ഐ.പി.സിയിൽ ഈയിടെയായി നടക്കുന്ന കാര്യങ്ങൾ സകല പെന്തക്കോസ്തുകാർക്കും നാണക്കേടുണ്ടാക്കുന്നതാണ്. അവിടത്തെ സെന്റർ പാസ്റ്ററായ ബെഞ്ചമിൻ വർഗീസാണ് എരിതീയിൽ എണ്ണ ഒഴിക്കുന്നത്. ഇയാളുടെ കഴിഞ്ഞകാല പാപങ്ങളേക്കുറിച്ച് ഈ സഭയിലുള്ള ഒരാൾ പരസ്യമായി പറഞ്ഞതിന്റെ പ്രതികാരമാണ് ഇയാൾ തീർക്കുന്നത്.

വ്യക്തിവൈരാഗ്യവും കുടുംബ വഴക്കും മറ്റും സഭയിലേക്ക് കൊണ്ടുവന്നതാണ് പ്രശ്നം ഇത്ര രൂക്ഷമാക്കിയത്. ദൈവത്തെ മറന്നുകൊണ്ടാണ് പലരും പ്രവർത്തിക്കുന്നത്. ദൈവനാമം ദുഷിക്കയോ സഭ തകരുകയോ ചെയ്താലും വേണ്ടില്ല, തങ്ങളുടെ ഭാഗം ജയിക്കണം എന്ന നിലപാടാണ് പ്രശ്നപരിഹാരത്തിന് തടസ്സമായി നിൽക്കുന്നത്. അതുകൊണ്ട് പ്രശ്നം നിലനിൽക്കുന്നിടത്തോളം കാലം ഡിഫെൻഡർ എഴുതിക്കൊണ്ടിരിക്കും.

# ടി.പിയും പെണ്ണൂട്ടിയും പൊരിഞ്ഞ പോരാട്ടത്തിൽ

രണ്ടു കള്ളൻമാർ തമ്മിൽ പോരാടിയാൽ എന്തു സംഭവിക്കും? പെരുങ്കള്ളൻ കള്ളൻ ജയിക്കും. കുഞ്ഞൂട്ടി എന്ന കള്ളനും ടി.പി.ഏബ്രഹാം എന്ന കള്ളനും തമ്മിൽ പോരാടിയാൽ ആര് ജയിക്കും? ഇവരിൽ പെരുങ്കള്ളനാര് എന്നു വ്യക്തമായി അറിഞ്ഞു കൂടാത്തതിനാൽ ആര് ജയിക്കുമെന്ന് പറയാനാവില്ല.

തൊഴിൽ പരിചയം വച്ച് വിലയിരുത്തിയാൽ കുഞ്ഞൂട്ടിയാണ് പെരുങ്കള്ളൻ. വർഷങ്ങൾ ഏറെയായി ഇയാൾ തട്ടിപ്പ് തുടങ്ങിയിട്ട്. മാത്രമല്ല, വ്യഭിചാരം, ഗുണ്ടായിസം, മോഷണം തുടങ്ങി വിവിധ മേഖലകളിൽ പരിചയമുള്ള വ്യക്തിയുമാണിയാൾ. അതുകൊണ്ട് കുഞ്ഞൂട്ടിക്ക് വിജയിക്കാൻ കഴിഞ്ഞേക്കാം.

എന്നാൽ മോഷണം തുടങ്ങിയിട്ട് കുറച്ചു കാലമേ ആയുള്ളൂ എങ്കിലും ഈ ചുരുങ്ങിയ കാലം കൊണ്ട് കോടികൾ തട്ടിയെടുക്കാൻ ടി.പി.ഏബ്രഹാമിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് കുഞ്ഞൂട്ടിയേക്കാൾ വലിയ കള്ളൻ ടി.പി. ആണെന്ന് പറയാം. അങ്ങനെയെങ്കിൽ കുഞ്ഞുട്ടിക്ക് വിജയസാദ്ധ്യത ഉണ്ട്.

ഏതായാലും ഈ കള്ളൻമാർ തമ്മിൽ ഈയിടെയായി കടുത്ത വിരോധത്തിലാണ്. കൊള്ളമുതൽ പങ്കുവയ്ക്കുന്നതിലുണ്ടായ തർക്കമാണ് പ്രശ്നത്തിനു കാരണമെന്നാണ് അറിയാൻ കഴിഞ്ഞത്. ഏതായാലും പ്രശ്നം നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് കുഞ്ഞൂട്ടി ശാരോൻ കൺവെൻഷനിൽ സജീവമായി പങ്കെടുക്കാതെ അകന്നു നിൽക്കുകയുണ്ടായി. സങ്കീർത്തനം വായിക്കാൻ മാത്രമാണ് സ്റ്റേജിൽ കയറിയത്. എങ്കിലും ഈ കള്ളൻമാർക്ക് ഏറെക്കാലം പിണങ്ങിയിരിക്കാനാവില്ല. പിണങ്ങിയിരുന്നാൽ മോഷണം അസാദ്ധ്യമാകും എന്നതാണ് കാരണം.

# വരുന്നൂ കള്ളൻ പെരുമ്പാവൂരിൽ

വ്യഭിചാരത്തിന്റെ അപ്പോസ്തലനായ കെ.സി.ജോൺ പെരുമ്പാവൂരിലെത്തുന്നു. ഐ.പി.സിയുടെ പെരുമ്പാവൂർ സെന്റർ കൺവെൻഷനിൽ പ്രസംഗിക്കാനാണ് ഈ മാന്യദേഹം എത്തുന്നത്. ഡിസംബർ അവസാന ആഴ്ചയിലാണ് കൺവെൻഷൻ.

ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണ്. അതുകൊണ്ട് കെ.സി. ജോണിന് വ്യഭിചരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചത് ഈ സ്വാതന്ത്ര്യം ഉപയോഗിച്ചാണല്ലോ. ചനലിന്റെ പേരു പറഞ്ഞ് കോടികൾ തട്ടിയെടുക്കാനും ഈ സ്വാതന്ത്ര്യം സഹായകമായി.

ഇന്ത്യയിൽ പത്രസ്വാതന്ത്ര്യം നിലവിലുണ്ട്. അതുകൊണ്ട് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് കൊടുക്കാൻ ആവശ്യമായ വിവരങ്ങൾ പ്രസിദ്ധീകരിക്കാനുള്ള സ്വാതന്ത്ര്യം പത്രങ്ങൾക്കുമുണ്ട്. കെ.സി. ജോൺ വ്യഭിചാരിയാണെന്ന് പൊതുജനം അറിയണം. അല്ലെങ്കിൽ അവർക്ക് അബദ്ധം പറ്റും. അത് തടയേണ്ടത് പത്രധർമ്മത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ ആവശ്യമായതെല്ലാം ചെയ്യാൻ ഡിഫെൻഡർ തീരുമാനിച്ചിരിക്കയാണ്.











## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3022356
മൊബൈൽ: 94474 14608

# നാഗാലാന്റ് സ്മരണകൾ

ഓരോ ഗ്രോത്രത്തിനും അവരുടേതായ ആചാരങ്ങൾ, ഉത്സവങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവയുണ്ട്. ഇന്ന് മിക്കവരും ആധുനിക വേഷം ധിരക്കുന്നുണ്ടെങ്കിലും അവർക്ക് അവരുടേതായ വേഷങ്ങളുണ്ട്. കൈത്തറിയിൽ നെയ്യുന്ന വസ്ത്രങ്ങളും പുതപ്പുകളും അവർ ഉപയോഗിച്ചുവന്നു. കുറച്ചു കാലം മുൻപുവരെ വസ്ത്രമെന്നു പറയാൻ നാഗൻമാർക്ക് അധികമൊന്നും ഉണ്ടായിരുന്നില്ല. നാലിഞ്ചു വീതി, ആറിഞ്ചു നീളം എന്നിങ്ങനെ അളവു പറയാവുന്ന ഒരു തുണിക്കഷണം അരയിൽ (മുൻഭാഗത്തായി) കെട്ടിത്തൂക്കിയിട്ടിരുന്നു. കുഗ്രാമങ്ങളിലെ വേഷം ഇന്നും ഇതുതന്നെ. ഈ ‘കർട്ടൻ’ കൂടാതെ ഒരു പുതപ്പും ഉണ്ടാകുമെന്നതാണ് ഒട്ടൊരാശ്വാസം. സ്ത്രീകൾ കുറച്ചു കൂടി മാന്യമായ വേഷം ധരിച്ചിരുന്നു. പുതപ്പുപോലൊരു തുണി ഉടുക്കുകയും പുതപ്പുകൊണ്ട് ശരീരം മറയ്ക്കുകയും ചെയ്യും. വസ്ത്രം, പുതപ്പ് എന്നിവയെല്ലാം നെയ്യുന്നതിനും ചിത്രത്തയ്യൽ ഉണ്ടാക്കുന്നതിനും വ്യക്തമായ നിയമങ്ങളും ആചാരങ്ങളും എല്ലാ ഗോത്രത്തിനുമുണ്ട്. ചുരുക്കത്തിൽ വസ്ത്രത്തിന്റെ ഡിസൈൻ നോക്കി ഗോത്രത്തെ തിരിച്ചറിയാം. യാതൊരു ഡിസൈനുമില്ലാത്ത കടും ചുവപ്പു പുതപ്പ് പുതയ്ക്കുവാനുള്ള അവകാശവും ഗ്രാമത്തലവനു മാത്രമാണുള്ളത്. ഇത്തരക്കാരെ ‘ഗാംബുറ’ (G.B) എന്നു വിളിക്കുന്നു. ഗ്രാമത്തലവൻ എന്നർത്ഥം വരുന്ന ഒരു ആസാമീസ് വാക്കിന്റെ ലോപിച്ച രൂപമാണിത്.

ഛദർ എന്ന പേരിലറിയപ്പെടുന്ന നാഗാ പുതപ്പ് (ഷാൾ) വളരെ മനോഹരമാണ്. ഗ്രോത്രത്തിന്റെ അടയാളങ്ങളുള്ള ഇവയ്ക്ക് അന്ന് 500 മുതൽ 1000 രൂപവരെ വിലയുണ്ടായിരുന്നു. നല്ല തണുപ്പുള്ള പ്രദേശമാകയാൽ ഛദർ ജീവിതത്തിന്റെ തന്നെയൊരു ഭാഗമാണവിടെ. നാഗന്മാരല്ലത്തവർക്കും ഛദർ പുതയ്ക്കാം. പക്ഷെ ഛദർ തലതിരിച്ചു പുതയ്ക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നു മാത്രം. അഥവാ തല തിരിഞ്ഞു പോയെങ്കിൽ നല്ല അടി കിട്ടുമെന്നേയുള്ളു.

നാഗാന്മാരുടെ ഭക്ഷണരീതിയെക്കുറിച്ചും ചിലതു പറയേണ്ടിയിരിക്കുന്നു. ചോറാണ് അവരുടെ പ്രധാന ഭക്ഷണം. അതിരാവിലെ അവർ ഭക്ഷണം കഴിക്കും. വൈകിട്ട് നാലുമണിയാകുമ്പോഴേക്കും അടുത്തഭക്ഷണവും കഴിക്കും. പട്ടണപ്രദേശങ്ങളിലുള്ളവർ ഈ ക്രമത്തിൽ ചില്ലറ വ്യത്യാസങ്ങളൊക്കെ വരുത്തിയിട്ടുണ്ട്. എങ്കിലും ഗ്രാമങ്ങളിൽ ഇന്നും ഈ ക്രമം തുടരുന്നു. മുളകും ഉണങ്ങിയ (പുഴുത്ത) മീനും ചിലതരം പയറും എല്ലാം കൂടി ഇടിച്ച് ഒരുവക കുഴമ്പു പരുവത്തിലാക്കിയ ചമ്മന്തിയാണ് പ്രധാന കറി. കുമ്പളങ്ങ, മത്തങ്ങ, വഴുനങ്ങ തുടങ്ങിയ പച്ചക്കറികളും ഇവർ കഴിക്കും. വലിയ കഷണങ്ങളായി കീറി അല്പം ഉപ്പുമിട്ട് വെള്ളത്തിൽ വേകിച്ചെടുക്കുന്നു. ചിലപ്പോൾ അല്പം പച്ചമുളകും ചേർത്തെന്നുവരാം.

എല്ലാത്തരം ഇറച്ചിയും ഇവർ കഴിക്കുന്നു. മേല്പറഞ്ഞവിധം പുഴുങ്ങി തിന്നുകയാണ് പതിവ്. മുളയുടെ കൂമ്പ് പിഴിഞ്ഞു കിട്ടുന്ന ദ്രാവകമോ ആ ചണ്ടി തന്നേയോ കറികളിൽ ചേർക്കയും ചെയ്യും. ഒരു പുളിരസം കിട്ടാനാണ് ഇതു ചേർക്കുന്നത്. ഇപ്രകാരം മുളകൂമ്പു ചേർത്തകറികൾക്ക് അസഹനീയമായ ദുർഗന്ധമാണുള്ളത്. ആദ്യകാലങ്ങളിൽ ഇത്തരം കറികൾ ഭക്ഷിക്കുവാൻ എനിക്കു മടിയായിരുന്നു. എന്നാൽ കുറച്ചുനാൾ കഴിഞ്ഞതോടെ ഈ ഗന്ധമില്ലെങ്കിൽ ഭക്ഷണം വേണ്ട എന്ന നിലയായി.

മൃഗങ്ങളുടെ തോൽ ഉൾപ്പെടെയാണ് ഇറച്ചി കറി വയ്ക്കുക. പശു, ആട് തുടങ്ങിയവയുടെ തോൽ കളയാറില്ല. രോമം കരിച്ചു കളയുകമാത്രം ചെയ്യും. കുടൽ, മറ്റ് ആന്തരാവയവങ്ങൾ തുടങ്ങിയവയും വെറുതെ കളയില്ല. ചാണകം മാത്രം കളയും. കൊമ്പ്, കുളമ്പ് തുടങ്ങിയവ ചുട്ടുതിന്നും. കൊമ്പ്, കുളമ്പ് തുടങ്ങിയവ ചുട്ടുതിന്നും. ഗർഭമുള്ള പശുവിനേയോ മറ്റോ കശാപ്പുചെയ്യാൻ ഇടയായാൽ ഉള്ളിലുള്ള കിടാവിന് വലിയ ഡിമാന്റാണ്. അതിനെ ഒരു വിശിഷ്ട വിഭവമായി ശാപ്പിടും.

കോഴി, താറാവ്, ആട്, മാട്, പന്നി തുടങ്ങിയവയാണ് പ്രധാനമായി ഇറച്ചിക്കായി ഉപയോഗിക്കുന്നത്. പട്ടിയെ വളരെ ഇഷ്ടമാണെങ്കിലും അത്ര സുലഭമല്ല. സാധാരണയായി, ആട്ടിറച്ചിയിലും കൂടുതൽ വില കൊടുക്കണം പട്ടിയിറച്ചിക്ക്. പട്ടിയെന്നാൽ ഏതോ ഇനം വിശേഷ ജീവിയെന്നു ധരിക്കേണ്ട. കേരളത്തിലെങ്ങും കാണപ്പെടുന്ന അസൽ കൊടിച്ചിപ്പട്ടി തന്നെ. പട്ടിയിറച്ചിക്ക് നല്ല രുചിയാണെന്ന അഭിപ്രായമാണ് പൊതുവെ കേട്ടുവരുന്നത്. പല മലയാളികളും പട്ടിയിറച്ചി തിന്നിട്ടുണ്ട്. പക്ഷേ ഞാൻ കഴിച്ചിട്ടില്ല. (മൈൽക്കുറ്റിയും സർവ്വേക്കല്ലും മറ്റും കാണുമ്പോൾ അറിയാതെ ഒരു കാല് പൊങ്ങിപ്പോകുമോ എന്ന ഭയം കലശലായി ഉണ്ടായിരുന്നു എന്നു ചുരുക്കം).

ചാണകം, ദ്രവിച്ച തടി തുടങ്ങിയവയിൽ കാണുന്ന ഒരിനം വലിയ പുഴുവിനേയും നാഗന്മാർ തിന്നും. ആട്ടിറച്ചിയുടെ ഇരട്ടിവിലയെങ്കിലും കൊടുത്താലെ ഇതു കിട്ടുകയുള്ളു. അത്രയ്ക്കു ഡിമാന്റാണ്. അതിനെ മുൻപു പറഞ്ഞതുപോലെ പുഴുങ്ങി ശാപ്പിടും. ഇതിനും നല്ല രുചിയാണെന്നാണ് അഭിജ്ഞമതം.

എന്റെ നാഗാലാന്റ് ജീവിതത്തിന്റെ ആദ്യനാളുകളിൽ ഭാഷ അല്പം പ്രശ്നമാകാതിരുന്നില്ല. എങ്കിലും ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അദ്ധ്യാപകനായിരുന്നതിനാൽ പ്രാദേശിക ഭാഷകൾ അറിഞ്ഞില്ലെങ്കിലും കുഴപ്പമില്ലായിരുന്നു. എനിക്ക് നാഗാമീസ് അറിഞ്ഞുകൂടെന്ന കാര്യം കുട്ടികൾക്ക് അറിവുണ്ടായിരുന്നു. അതുകൊണ്ട് അവർ ഇംഗ്ലീഷിൽ മാത്രമാണ് സംസാരിച്ചിരുന്നത്. മിക്ക കടക്കാർക്കും ഇംഗ്ലീഷ് വശമുണ്ടായിരുന്നതുകൊണ്ട് സാധനങ്ങൾ വാങ്ങാനും ബുദ്ധിമുട്ടുണ്ടായില്ല. എല്ലാറ്റിലും ഉപരിയായി സജിയുടെ സഹായയവുമുണ്ടായിരുന്നു.

നാഗാലാന്റിൽ എത്തിച്ചേർന്ന പലരും ഇക്കാര്യത്തിൽ എന്നെപ്പോലെ ഭാഗ്യമുള്ളവരായിരുന്നില്ല. കൂടാതെ മലയാളികളായ സുഹൃത്തുക്കൾതന്നെ പലപ്പോഴും നവാഗതരെ വിഷമിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്നു. ഏതെങ്കിലും ചീത്തവാക്കുകൾ എന്തെങ്കിലും സാധനത്തിന്റെ പേരെന്ന വ്യാജേന പറഞ്ഞുകൊടുത്തിട്ടുണ്ട് അതു വാങ്ങിക്കൊണ്ടുവരാൻ കടയിലേയ്ക്കയക്കുകയെന്നതാണ് സാധാരണ വിനോദം. അശ്രദ്ധകൊണ്ട് സ്വയം കുഴപ്പത്തിലായവരും കുറവല്ല.

ഒരു നവാഗതനെ ഒരിക്കൽ ചില സുഹൃത്തുക്കൾ രണ്ടു കിലോ ഗോതമ്പുപൊടി വാങ്ങാനായി ഒരു മാർവാഡിയുടെ കടയിലേയ്ക്കയച്ചു. “ദൊ കിലോ ആട്ട ദിബിധോ” (രണ്ടു കിലോ ആട്ട തരു) എന്ന് നാഗാമീസിൽ പറയാനും പഠിപ്പിച്ചിരുന്നു. പക്ഷെ, കടയിലെത്തിയപ്പോഴേക്കും അദ്ദേഹം നാഗാമീസ് ആകെ മറന്നുപോയി. എന്നാലും വിട്ടുകൊടുത്തില്ല. ഓർമ്മയിൽ വന്നതുപോലെയൊക്കെപ്പറഞ്ഞു. മാർവാഡി ഒരു ചെറു ചിരിയോടെ രണ്ടു കിലോ ഗോതമ്പു പൊടി തൂക്കിക്കൊടുക്കയും ചെയ്തു. അന്ന് വൈകിട്ട് സുഹൃത്തുക്കളെല്ലാം കൂടി പ്രസ്തു കടയിൽ ചെന്നപ്പോഴാണ് മേല്പടിയാൻ പറഞ്ഞ നാഗാമീസ് മാർവാഡിയിൽ നിന്നറിഞ്ഞത്. “ദൊ കിലോ ആട്ട തകതെയ്” എന്നായിരുന്നു അത്.

കുഗ്രാമങ്ങളിൽ താമസിക്കുന്ന നാഗന്മാർക്കും നാഗാമീസ് വശമില്ല. അവരിലൊരാൾ, തന്റെ സുഹൃത്ത് ദിമാപൂരിൽ നിന്നും കൊണ്ടുവരാറുണ്ടായിരുന്ന പല കൗതുക വസ്തുക്കളിലും ആകൃഷ്ടനായി. അതു എപ്രകാരം കിട്ടിയെന്നും സുഹൃത്തിൽ നിന്നറിഞ്ഞു. നാഗന്മാരുടേതല്ലാത്ത ഏതെങ്കിലും കടയിൽ ചെന്ന് ഇഷ്ടപ്പെട്ട സാധനമെടുത്തിട്ട് “കിമാൻ അസെ?” (എന്തു വിലയാണ്?) എന്നു ചോദിയ്ക്കും. അയാൾ വില പറയും. അപ്പോൾ അഞ്ചോ പത്തോ രൂപ എടുത്ത് മേശപ്പുറച്ചുവച്ചിട്ട് ഒന്നും മിണ്ടാതെ, ഗൗരവത്തിൽ ഇറങ്ങിപ്പോരും. ബാക്കി പണത്തിനായി കടക്കാരൻ പിന്നിൽ നിന്നു വിളിച്ചുകൂവുമ്പോൾ തിരിഞ്ഞു നോക്കാതെ “ന ദിബോ” (തരാൻ സാദ്ധ്യമല്ല) എന്നു പറഞ്ഞുകൊണ്ട് അങ്ങുപോകും. പിന്നാലെ ചെന്നാൽ തല്ലകിട്ടുമെന്നറിയാവുന്ന കടക്കാരൻ പിറുപിറുത്തുകൊണ്ട് കടയിലിരിക്കും. ഇതാണ് ‘മോഡസ് ഓപ്പറാണ്ടി’.

ഗ്രാമീണനു കാര്യം നന്നേ ബോധിച്ചു. അന്നു മുതൽ ഇത്തരം ഒരവസരത്തിനായി കാത്തിരിപ്പും ആരംഭിച്ചു. അങ്ങനെയിരിക്കെ കക്ഷി ഒരു ദിവസം ദിമാപൂരിൽ വരുവാനിടയായി. അത്യാവശ്യജോലികളെല്ലാം തീർത്തിട്ടു അയാൾ ഒരു ബീഹാറിയുടെ കടയിലെത്തി. പലതും നോക്കി നടക്കുന്നതിനിടയിൽ ഒരു പേന കണ്ടു. കൊള്ളാം നന്നായിരിക്കുന്നു. എഴുതാനറിയില്ലെങ്കിലും ഒരു പേന പോക്കറ്റിൽ കുത്തിക്കൊണ്ടു നടക്കുന്നത് ഒരു ഗമയാണ്. പേന എടുത്തിട്ട് ആവുന്നത്ര ഗൗരവത്തിൽ ചോദിച്ചു: “കിമാൻ അസെ?” (എന്താണ് വില). “തീൻ ടക്ക” കടക്കാരൻ പറഞ്ഞു. (തീൻ ടക്ക = മൂന്നു രൂപ) തീൻ ടക്കയെന്നാൽ എത്രയാണെന്നറിഞ്ഞുകൂടാ. വലിയ തുകയാണെന്നുറപ്പ്. വിദ്വാൻ പോക്കറ്റിൽ നിന്നും അഞ്ചു രൂപയെടുത്ത് കടക്കാരന്റെ മേശപ്പുത്തിട്ടിട്ട് ഇറങ്ങി നടന്നു. കടക്കാരൻ ബാക്കി കൊടുക്കാനുള്ള പണം എടുത്തിട്ട് നോക്കിയപ്പോഴേയ്ക്കും ആൾ കുറച്ചു ദൂരത്തിലെത്തിക്കഴിഞ്ഞിരുന്നു. “ബാലൻസ് ലോയിക്കിനാ ജാബി” (ബാക്കി വാങ്ങിക്കൊണ്ടു പോകൂ) അയാൾ വിളിച്ചു പറഞ്ഞു. ഉടൻ വന്നു മറുപടി “ന ദിബോ” (തരാൻ സാദ്ധ്യമല്ല). അയാൾ തിരിഞ്ഞുപോലും നോക്കാതെ നടന്നകന്നു.

മിക്ക ഉത്തരേന്ത്യൻ ഭാഷയ്ക്കും ഹിന്ദിയോടു ബന്ധമുള്ളതിനാൽ നാഗന്മാർക്കും അവ അല്പാല്പം മനസ്സിലാകും. എന്നാൽ അതല്ല മലയാളത്തിന്റെ സ്ഥിതി. മലയാളം അവർക്ക് വെറും “വളവള” യെന്ന ശബ്ദം മാത്രമാണ്. സാഹസികരായ ചില നാഗന്മാർ മലയാളം അല്പമെങ്കിലും വശമാക്കാനായി പലപ്പോഴും മലയാളികളെ സമീപിക്കും. പൂരപ്പറമ്പുകളുടെ മഹത്തായ പാരമ്പര്യമുള്ള മലയാളികൾ അവരെ മലയാളം പഠിപ്പിക്കയും ചെയ്യും. ഏറെത്താമസിയാതെ മലയാളത്തിലെ ഓമനത്തം തുളുമ്പുന്ന ‘മോൻ’, ‘മോൾ’ തുടങ്ങിയ വാക്കുകളും അവയെ അലങ്കരിക്കുവാനായി ചേർക്കേണ്ട ‘പൂ’വും ‘കാ’യും മറ്റും അവർ വശത്താക്കും. മനുഷ്യശരീരത്തിലെ അവയവങ്ങളുടെ പേരുകളും ഈ പഠനത്തിലെ ഒരവിഭാജ്യ ഘടകമത്രെ. കർണ്ണാനന്ദകരമായ ഇത്തരം മലയാളത്തിൽ നാഗന്മാർ ഗുരുവിനെ അഭിസംബോധന ചെയ്യുവാൻ പഠിക്കുന്നതോടെ പഠനം അവസാനിപ്പിക്കുകയാണ് പതിവ്. ഇത്തരം ഒരു മഹാഗുരു

(അടുത്ത പേജ് ..........)



നിങ്ങൾക്കും ഒരു വെബ്സൈറ്റ്
വെറും 1500 രൂപയ്ക്ക്
No Hidden Costs
വിളിക്കൂ: 94474 14608

# കണക്കെവിടെ മക്കളേ?

പശു ചത്തു, മോരിലെ പുളിയും പോയി എന്നു പറഞ്ഞതു പോലെ ശതാബ്ദി കഴിഞ്ഞു, ആ വിഷയവും മറന്നു എന്ന സ്ഥിതി ആകരുത്. പൊതുജനങ്ങളോടു വാങ്ങിയ കാശിന്റെ കണക്ക് പരസ്യപ്പെടുത്തണം.

നാടുനീളെ നടന്ന് പരിച്ചു. സഭകൾക്കെല്ലാം നോട്ടീസയച്ച് പരിച്ചു. ഇതുകൊണ്ടൊന്നും പോരാഞ്ഞിട്ട് സ്തോത്രക്കാഴ്ചയും പിരിച്ചു. കൂടാതെ, പാർക്കിംഗ് ഫാസ്, കസേര ഫീസ്, പ്രസംഗം കേൾക്കാൻ ഫീസ് എന്നിങ്ങനെ കുറച്ചധികം ഫീസുകളും പിരിച്ചു. ആകെ മൊത്തം ടോട്ടൽ കുറച്ചധികം കിട്ടിക്കാണും.

ഇതൊക്കെ പൊതുജനങ്ങളുടെ പണമാണ്. അതുകൊണ്ട് എത്ര കിട്ടിയെന്നും അത് എങ്ങനെ ചെലവഴിച്ചെന്നും വ്യക്തമാക്കണം. ആരൊക്കെയാണ് പണം നൽകിയത്, ഏതെല്ലാം വിധത്തിലാണ് നൽകിയത്, സ്വദേശത്തുനിന്നും കിട്ടിയതെത്ര, വിദേശത്തുന്നിന്നും കിട്ടിയതെത്ര തുടങ്ങിയ വിശദാംശങ്ങളെല്ലാം അറിയിക്കണം.

ചെലവിന്റെ കാര്യവും വിശദീകരിക്കണം. സംഘാടകരായ പത്രക്കാർ പരസ്യം വകയിൽ നേടിയതെത്ര, നേതാക്കൻമാൻ ഉലകം ചുറ്റാൻ മുടക്കിയതെത്ര, ധൂർത്തടിച്ചതെത്ര എന്നൊക്കെ വ്യക്തമാക്കണം. ഭാരവാഹികളുടെ ഭാരം മൂലം ചെലവ് വളരെ ഉണ്ടായിരിക്കുമെന്ന റിയാം. എങ്കിലും കാര്യങ്ങളൊക്കെ പൊതുജനം അറിയട്ടെ. ഇനിയും ഇത്തരം സമ്മേനങ്ങളൊക്കെ നടക്കും. അതിനൊക്കെ പണം കൊടുക്കണമോ വേണ്ടയോ എന്ന് പൊതുജനത്തിന് തീരുമാനിക്കാൻ ഈ വരവുചെലവ് കണക്ക് ഉപകരിക്കും.




# അമോസിംഗ് പ്രസംഗിച്ചു ജനം നാണിച്ചു

ശാരോൻ ജനറൽ കൺവെൻഷന്റെ മുഖ്യ പ്രസംഗകൻ ആമോസ് സിംഗ് ആയിരുന്നു. അദ്ദേഹം വന്നു, പ്രസംഗിച്ചു, മടങ്ങി. പക്ഷേ, ഈ മാന്യദേഹത്തിന്റെ പ്രസംഗം കേട്ടവർ നാണിച്ച് തല താഴ്ത്തി.

യഹൂദൻമാർ അടയാളം അന്വേഷിക്കുന്നു, യവനൻമാർ ജ്ഞാനം അന്വേഷിക്കുന്നു, ഞങ്ങളോ ക്രൂശിക്കപ്പെട്ട യേശുവിനെ പ്രസംഗിക്കുന്നു എന്ന് പൗലോസ് പറഞ്ഞു. പക്ഷേ അതൊക്കെ പഴങ്കഥ. ഇന്ന് ജനത്തിന് അടയാളം വേണം. ജ്ഞാനവും വേണം. അതുകൊണ്ട് പ്രസംഗകർ ക്രൂശിക്കപ്പെട്ട യേശുവിനെ കൈവിട്ടിട്ട് ജ്ഞാനം പ്രസംഗിക്കയും അടയാളം കാണിക്കയും ചെയ്യുന്നു. ആമോസ് സിംഗും അതുതന്നെ ചെയ്തു.

താൻ വലിയ ജ്ഞാനിയും വചന പണ്ഡിതനും ഒക്കെയാണെന്ന് ജനത്തെ ബോദ്ധ്യപ്പെടുത്തിയാലല്ലേ ഇനിയും തനിക്ക് പ്രോഗ്രാം ലഭിക്കൂ. അതിനുള്ള ശ്രമമാണ് ആമോസിംഗ് നടത്തിയത്. ജനം യേശുക്രിസ്തുവിനേക്കുറിച്ച് കേൾക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. അതുകൊണ്ട് യേശുവിനെ ഒഴിവാക്കി.

ആദവും ഹവ്വയും ഉഗ്രൻ വിഷയമാണ്. അതുകൊണ്ട് അതുതന്നെ മതി എന്നു തീരുമാനിച്ചു. അങ്ങനെ ശ്രീമാൻ ആമോസ് സിംഗ് ആദത്തേയും ഹവ്വയേയും സൃഷ്ടിച്ച് ഏദെൻ തോട്ടത്തിലാക്കി. പിന്നീടാണ് നാണക്കേടിന്റെ കഥ പറയാൻ ആരംഭിച്ചു. ഏദെൻ തോട്ടത്തിൽ ആദവും ഹവ്വയും എന്തൊക്കെ ചെയ്തു എന്ന് വിവരിച്ചു. അവർ പഴവും മറ്റും തിന്നുന്നുണ്ട്. അപ്പോൾ ഏദെൻ തോട്ടത്തിൽ കക്കൂസുണ്ടോ എന്ന് ഒരു സംശയം. അങ്ങനെ അതിന്റെ വിശദാംശങ്ങളിലേക്ക് കടന്നു. അതൊക്കെ ഇവിടെ വിവരിക്കാൻ ബുദ്ധിമുട്ടാണ്. ആമോസ് സിംഗിന് നാണമില്ലെങ്കിലും നമുക്ക് നാണമുണ്ടല്ലോ.

ആദവും ഹവ്വയും ചെയ്ത പാപത്തേക്കുറിച്ചും സിംഗ് വിശദീകരിച്ചു. അതു കഴിഞ്ഞ് അവർ ധരിച്ച വസ്ത്രത്തേക്കുറിച്ചായി വിവരണം. അത്തിയില കൊണ്ട് വസ്ത്രം ഉണ്ടാക്കിയതും അത് ഉണങ്ങിയതും മറ്റും വിശദീകരിച്ചു. ഇല ഉണങ്ങിക്കഴിഞ്ഞ് ആദത്തിനും ഹവ്വക്കും ഉണ്ടായ ബുദ്ധിമുട്ടിനേക്കുറിച്ച് വിവരിച്ചപ്പോൾ നാണം എന്ന വികാരമുള്ളവനൊക്കെ ചെവി പൊത്തിപ്പോയി എന്നു പറഞ്ഞാൽ മതിയല്ലോ.

ഓരോ ജനത്തിനും അവർ അർഹിക്കുന്ന ഭരണകർത്താക്കളെ ലഭിക്കുന്നു എന്ന് പറയാറുണ്ട്. ശാരോന്റെ നേതാക്കൻമാർക്ക് അവർ അർഹിക്കുന്ന പ്രസംഗകരെ ലഭിച്ചു. വ്യഭിചാരവും തട്ടിപ്പും തൊഴിലാക്കിയ ശാരോൻ നേതാക്കൻമാർക്ക് ആമോസ് സിംഗ് എന്ന മഹാനെ ലഭിച്ചു. അത് തികച്ചും ന്യായം തന്നെ. പക്ഷേ, പാവം ജനങ്ങളെ എന്തിന് വലച്ചു?

# നാഗാലാന്റ് സ്മരണകൾ .....

വിൽ നിന്നും മലയാളം അഭ്യസിച്ച ഒരു ഇറച്ചിക്കടക്കാരൻ വൊക്കയിലുണ്ട്. കാഴ്ചയിൽ മലയാളിയെന്നു തോന്നുന്ന ആരെക്കണ്ടാലും അയാൾ, ''വന്നാട്ടെ സഹോദരാ നല്ല ഇറച്ചിയാണ്, കൊണ്ടുപോയി ഭക്ഷിച്ചാലും'' എന്നിങ്ങനെയെല്ലാം അർത്ഥം വരുന്നതെന്ന് ഗുരു പറഞ്ഞുകൊടുത്തിട്ടുള്ള മലയാളവാക്കുകളിൽ ക്ഷണിക്കും. ശിഷ്യനെ മാത്രമല്ല, മഹാനായ ഗുരുവിനേയും മിക്കവർക്കും അറിയാമെന്നിനാൽ മുഖത്ത് ഒരു ഭാവഭേദവും വരുത്താതെ ഇറച്ചിയും വാങ്ങിപ്പോകും.

നാഗാലാന്റിൽ അന്ന് ദിനപ്പത്രങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. Nagaland Times എന്ന പേരിലുള്ള ഒരു വീക്‌ലിയായിരുന്നു പ്രധാന പത്രം. കൂടാതെ Ura Mail, Weekly Journal തുടങ്ങി ചില വീക്‌ലികളും ഉണ്ടായിരുന്നു. ഇവയിലൊന്നും തന്നെ ദേശീയ വാർത്തകൾക്ക് സ്ഥാനമില്ല. ആകെക്കൂടി ''ചായക്കോപ്പയിലെ കൊടുങ്കാറ്റാ''ണ് പ്രധാനമായി ഉണ്ടാകുക. നാഗാലാന്റിലെ കൊച്ചു കൊച്ചു സംഭവങ്ങൾ, മന്ത്രിമാരുടെ പ്രസ്താവനകൾ, ഒളിനാഗന്മാരെക്കുറിച്ചുള്ള ചില വാർത്തകൾ, വിദ്യാർത്ഥി സംഘടനകളെ സംബന്ധിച്ച വാർത്തകൾ ഇത്രയുമാണ് പ്രധാനയിനം. സർക്കാർ വക പരസ്യങ്ങളുമുണ്ടാകും. നൂറോ, ഇരുനൂറോ കോപ്പികൾ മാത്രം അച്ചടിച്ചിട്ട് സർക്കാർ പരസ്യങ്ങളിൽ നിന്നുള്ള വൻവരുമാനം കൊണ്ട് ലാഭം കൊയ്തിരുന്ന കുറെ പത്രങ്ങളും ഉണ്ടായിരുന്നു. ഇന്നും ഉണ്ട്.

പത്രം വായിക്കുകയെന്നത് മറ്റേതു കേരളീയനേപ്പോലെയും ശീലമാക്കിയിരുന്ന എനിക്ക് കുറച്ചു കാലത്തേക്ക് വളരെ ബുദ്ധിമുട്ടുണ്ടായി. സുഹൃത്തുക്കളുമായി സംസാരിച്ചിരുന്ന് സമയം പോക്കിവന്നു. സ്കൂളിലെ ജോലിയോടൊപ്പം കുറച്ചു ട്യൂഷൻകൂടി ഉണ്ടായതോടെ സമയം തികയാതെയായി എന്നതാണ് ശരി.

നാഗാലാന്റിലെ ട്യൂഷൻ സമ്പ്രദായത്തേക്കുറിച്ചും ചിലതു പറയേണ്ടതുണ്ട്. സ്വകാര്യ സ്കൂളിൽ ശമ്പളം കുറവാണെന്ന് പറഞ്ഞു കഴിഞ്ഞല്ലോ. അതിൽ നിന്നും അധികമൊന്നും മിച്ചമുണ്ടാകയില്ല. അതിനാൽ മിക്കവരും കുറച്ചു സ്വകാര്യ ട്യൂഷനിലുംകൂടി ഏർപ്പെടും. നാഗന്മാർ പൊതുവെ, കണക്ക്, സയൻസ് എന്നിവയിൽ അത്ര സമർത്ഥരല്ല. ഗ്രാമപ്രദേശങ്ങളിൽ ഇംഗ്ലീഷും വിഷമം തന്നെ. കണക്കും സയൻസും അറിയാവുന്ന അദ്ധ്യാപകർക്ക് നല്ല ഡിമാന്റാണ്. ഞാൻ നാഗാലാന്റിൽ എത്തിയ കാലത്ത് വൊക്കയിലെ ഫീസ് അൻപതു രൂപയായിരുന്നു. അഞ്ചോ പത്തോ കുട്ടികളെ ഒന്നിച്ചിരുത്തിയാണ് ട്യൂഷൻ. ഒരു മണിക്കൂറാണ് ട്യൂഷൻ സമയം. ശനി, ഞായർ എന്നീ ദിവസങ്ങളിൽ ട്യൂഷനില്ല.

കേരളത്തിൽ ട്യൂഷനെടുത്ത് പരിചയമുണ്ടായിരുന്നതുകൊണ്ട് എനിക്ക് ട്യൂഷനിലൂടെ കുറച്ചു വരുമാനമുണ്ടാക്കാൻ സാധിച്ചു. എന്റെ വിഷയം ചരിത്രമാണെങ്കിലും കണക്ക്, സയൻസ് തുടങ്ങിയവ പത്താം ക്ലാസുവരെ പഠിപ്പിക്കാനാവശ്യമായ അറിവുണ്ടായിരുന്നു. കൂടാതെ ഹെഡ്മാസ്റ്റർ വേണ്ട സഹായം ചെയ്തു തരികയും ചെയ്തു.

നാലഞ്ചുമാസം അങ്ങനെ കടന്നുപോയി. ആയിടയ്ക്കാണ് സജിക്ക് സ്ഥലംമാറ്റ ഉത്തരവു കിട്ടിയതു സജി പോയതോടെ ഞാൻ ഒറ്റയ്ക്കായി. നൂറ്റിമുപ്പതു രൂപയായിരുന്നു വാടക. ഞങ്ങൾ അത് പകുതിവീതം കൊടുക്കണം. എന്നാൽ പ്രതീക്ഷിക്കാത്ത ഒരു സഹായം വീട്ടുടമയുടെ ഭാഗത്തുനിന്നുണ്ടായി. അവരുടെ മൂന്ന് കുട്ടികൾക്ക് ഞാൻ രാവിലെ ആറുമണി മുതൽ ഏഴുമണിവരെ ട്യൂഷനെടുക്കണം. ആകെ 150 രൂപ ഫീസ്. വാടക കഴിച്ച് ഇരുപതു രൂപ അവർ എനിക്കുതരും. സംഗതി ബഹുത്ത് അഛാ എന്ന് എനിക്കും തോന്നി. അങ്ങനെ ഞാൻ ഒറ്റയ്ക്കു താമസം ആരംഭിച്ചു.

രാവിലെ വീട്ടുടമസ്ഥന്റെ കുട്ടികൾക്കു ട്യൂഷൻ. അവിടെ നിന്നും ഒരു ഗ്ലാസ്സ് ചായ കിട്ടും. മറ്റ് ശാപ്പാടുണ്ടാക്കാൻ നേരമില്ലാത്തതിനാൽ രാവിലെ ഒന്നും കഴിക്കില്ല. നേരെ സ്കൂളിലെത്തും. സ്കൂൾ കഴിഞ്ഞ് വീട്ടിലെത്തും. ഒരു റൊട്ടി വാങ്ങിക്കൊണ്ടായിരിക്കും വരവ്. അല്പം ചായയുണ്ടാക്കി റൊട്ടി കഴിക്കും. അതിനുശേഷം വീണ്ടും ട്യൂഷൻ. മൂന്നു വീടുകളിൽ ഒരോ മണിക്കൂർ വീതം. എല്ലാം കഴിഞ്ഞ് തളർന്നു വീട്ടിലെത്തും. ഗംഭീരമായ ഒരു അത്താഴം ഉണ്ടാക്കുകയാണ് അടുത്തപണി. ആദ്യമായി ചോറുണ്ടാക്കും. പിന്നീട് അടുക്കളയിലുള്ള വസ്തുവകകളെല്ലാം കുറേശ്ശയെടുത്ത് അരിഞ്ഞു കഴുകി ഒരു കറിയുണ്ടാക്കും. നിർമ്മാണം പൂർത്തിയായിട്ട് അതിന് ഏതു കറിയോടാണ് ഏറ്റവും സാമ്യം എന്ന് നോക്കി, തോരനോ, അവിയലെന്നോ, സാമ്പാറെന്നോ എന്തെങ്കിലും ഒരു പേരിടും. അച്ചാർ പല രൂപത്തിലും ഭാവത്തിലും സ്റ്റോക്കുണ്ടാക്കിയ കറിയുടെ അരുചി മാറ്റാൻ അച്ചാർ കൂടിയെതീരൂ. എല്ലാം ശരിയായാൽ കുടിക്കാനായി കുറെ വെള്ളം തിളപ്പിക്കും. (നാഗാലാന്റിൽ പച്ചവെള്ളം കുടിക്കുന്നത് അപകടമാണ്). എല്ലാം കൂടിയ യഥാവിധി ചേർത്ത് നന്നായി ശാപ്പിടും. അപ്പോഴേക്കും മണി പത്തോളമായിക്കഴിഞ്ഞിരിക്കും.

RNI No. 68089 / 97
2005 December 16

# THE DEFENDER

REGISTERED
KL/CR/ALY/221/2003-05

## എ. മത്തായി അങ്കലാപ്പിൽ

പാപം ചെയ്തവന് സാമാധാനം ഉണ്ടാകുകയില്ല. കിടന്നാൽ ഉറക്കം വരില്ല. ചർച്ച് ഓഫ് ഗോഡിന്റെ ബോംബെയിലെ ഓവർസിയറായ മത്തായിയുടെ സ്ഥിതി ഇതുതന്നെ. ഈയിടെയായി മത്തായിക്ക് ഒരു സമാധാനവുമില്ല. കിടന്നാൽ ഉറക്കം വരികയുമില്ല. എന്താ കുഴപ്പം? പാപം ഉള്ളിൽ കിടക്കുന്നു.

ആയ കാലത്ത് ചെയ്യാവുന്നതൊക്കെ ചെയ്തു. ആരും അറിഞ്ഞില്ല. അങ്ങനെ സമാധാനത്തോടെ കിഞ്ഞു വന്നപ്പോഴാണ് ഡിഫെൻഡർ കുഴപ്പമുണ്ടാക്കിയത്. ഇനി ഇതൊക്കെ അറിയാൻ ആരും ഇല്ലാത്ത സ്ഥിതിയായി. നാണംകെട്ടിട്ട് പുറത്തിറങ്ങാൻ വയ്യ.

മത്തായിയുടെ ഭാര്യ വ്യഭിചാരിണിയായി ജീവിച്ചു. ആ വകയിൽ ഒരു മകനേയും സമ്പാദിച്ചു. മത്തായിയുടെ മനസ്സ് മൈതാനം പോലെ വിശാലമാണ്. അതുകൊണ്ട് വ്യഭിചാരിണിയായ ഭാര്യയേയും അവർ സ്വപ്രയത്നത്താൽ സമ്പാദിച്ച മകനേയും രണ്ടുകൈയ്യും നീട്ടി സ്വീകരിച്ചു. വെറുതെ കിട്ടിയതല്ലേ, വേണ്ടെന്നു പറയുന്നതെങ്ങനെ?

ഓവർസിയറാകുന്നതിനു മുൻപും ഓവർസിയർ ആയിക്കഴിഞ്ഞും മത്തായി കാട്ടിക്കൂട്ടിയ കൊള്ളരുതായ്മകൾ ഏറെയുണ്ട്. വല്ലവന്റേം മകനെ സ്വന്തം മകനായി വളർത്തുന്ന മത്തായിയുടെ അന്തസ്സ് എത്രത്തോളമെന്ന് വിശേഷിച്ച് പറയേണ്ടതില്ല. ഇങ്ങനെയുള്ളവന്റെയൊക്കെ കൈയ്യിൽ അധികാരം കിട്ടിയാൽ അത് കുരങ്ങന്റെ കൈയ്യിൽ പൂമാല കിട്ടുന്നതുപോലെയാകും. മത്തായിയുടെ കൈയ്യിൽ അധികാരം കിട്ടിയതോടെ മത്തായി മറ്റൊരു മനുഷ്യനായി മാറി. സ്വന്തക്കാർക്കും പണമുള്ളവർക്കും എന്തും ആകാം. പാവപ്പെട്ടവരെ പരമാവധി പീഡിപ്പിക്കും.

നാടുനീളം നടന്ന് വ്യഭിചരിച്ചിരുന്ന പുത്രനെ (അതായത് ഭാര്യയുടെ സ്വന്തം പുത്രനെ) നന്നാക്കാൻ വേണ്ടി പൂനയിൽ കൊണ്ടുചെന്നാക്കിയ കാര്യം മുൻപൊരു ലക്കത്തിൽ എഴുതിയിരുന്നല്ലോ. അക്കാലത്ത് മത്തായിയുടെ അടുത്തൊരു ബന്ധുവായിരുന്നു അവിടത്തെ പ്ലാസ്റ്റർ. ഈ വിദ്വാനേക്കുറിച്ച് കുറച്ചധികം പറയാനുണ്ട്. അത് പിന്നാലെ പറയാം. ഇയാളുമായി മത്തായിക്കും കുടുംബത്തിനുമുള്ള ബന്ധത്തേക്കുറിച്ചും അവിഹിത ബന്ധത്തേക്കുറിച്ചും പറയാം. അതൊക്കെ അല്പം നീണ്ട കഥയാണ്. ഈ വിദ്വാനും ഭാര്യയും മത്തായിയുടെ മകനും ചേർന്ന് പൂനയിൽ കാട്ടിക്കൂട്ടിയ വൃത്തികേടുകളും കുറച്ചേറെയുണ്ട്. അതും പിന്നാലെ പറയാം. ഇതിന്റെയൊക്കെ ഫലം അനുഭവിക്കേണ്ടിവന്നത് കുറെ പാവങ്ങളാണ്. അവരേക്കുറിച്ചാണ് ഡിഫെൻഡറിന് സഹതാപമുള്ളത്. വിശേഷിച്ച് ഒരു കാരണവും കൂടാതെ സഭയിൽ നിന്നും പുറത്താക്കപ്പെട്ടവരുണ്ട്. അവർ എന്തിന് പുറത്തായി എന്ന് ഡിഫെൻഡറിനറിയം. അത് മത്തായി പറയണം. പറഞ്ഞില്ലെങ്കിൽ ഡിഫെൻഡർ പറയും. അതിന് വഴിവെയ്ക്കാതിരിക്കയാണ് നന്ന്.






Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan